PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

# ഉള്ളടക്കം

ഇടയലേഖനം....................03
ലോകമിഷൻ ഞായർ-2013....................09
വിജ്ഞാപനം....................18
Bishop's Engagement....................19
From the Bishop's Office....................20
നിത്യാരാധനാ കപ്പേള....................21
വിശ്വാസപരിശീലനവേദി....................24
സ്റ്റാർസ്....................32
ബൈബിൾ അപ്പോസ്തലേറ്റ്....................33
തിരുബാലസഖ്യം....................34
അൾത്താരസംഘം....................36
സി.എം.എൽ....................37
കെ.സി.വൈ.എം....................39
ജീസസ് യൂത്ത്....................40
മാതൃസംഘം....................41
ഫാമിലി അപ്പോസ്തലേറ്റ്....................42
സി. എൽ. സി....................44
ജീസസ് ഫ്രറ്റേണിറ്റി....................46
സെഹിയോൻ ധ്യാനകേന്ദ്രം....................47
പി. എസ്. എസ്. പി....................48
From the Bishop's Diary....................50

421/2013
28-09-2013

# ഇടയലേഖനം-126

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
പാലക്കാട് രൂപതയുടെ മെത്രാൻ
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

2012 ഒക്ടോബർ 11-ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ഉദ്ഘാടനം ചെയ്ത വിശ്വാസവർഷത്തിന്റെ രൂപതാതല സമാപനം രൂപതാ റൂബിജൂബിലിയാഘോഷദിനമായ 2014 ഒക്ടോബർ 2-നാണ് നാം നടത്തുന്നത് എന്ന് അറിയിച്ചിരുന്നല്ലോ. വിശ്വാസവർഷാചരണപരിപാടികൾ ഒരുവർഷംകൂടി തുടരാനുള്ള അവസരം അതുവഴി നമുക്ക് ലഭിക്കുയാണ്. റൂബി ജൂബിലയാചരണത്തിന്റെയും വിശ്വാസവർഷാചരണത്തിന്റെയും ലക്ഷ്യം ഒന്നുതന്നെയാണ്. അതായത് വിശ്വാസം ജീവിക്കുന്നവരും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നവരുമാവുക. വിശ്വസിക്കുന്നതിലുള്ള സന്തോഷവും വിശ്വാസം കൈമാറുന്നതിലുള്ള ആവേശവും നവമായി കണ്ടെത്താൻ നമുക്കു സാധിക്കണം. ദൈവദാനമായ വിശ്വാസത്തിന് നന്ദിയർപ്പിച്ചുകൊണ്ട് അതിന് സജീവ സാക്ഷ്യം നല്കാൻ റൂബിജൂബിലിയാചരണം നമുക്ക് പ്രേരണയാകണം.

സജീവദൈവവുമായുള്ള കണ്ടുമുട്ടലിൽ നിന്നാണ് വിശ്വാസം ജനിക്കുന്നത് (വിശ്വാസവെളിച്ചം 4). ദൈവത്തെ അനുദിനജീവിതത്തിൽ നിരന്തരം കണ്ടുമുട്ടുന്നതിനു സഹായകമായ





പരിപാടികൾ തുടർന്നുകൊണ്ടുപോകണം. വിശ്വാസരൂപീകരണം ഒരു തുടർപ്രക്രിയയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഗർഭപാത്രം മുതൽ കുഴിമാടം വരെ നീണ്ടുനില്ക്കേണ്ട പ്രക്രിയയാണ് അത് (കത്തോലിക്കാസഭയുടെ മതബോധന ഡയറക്ടറി, 177-188).

ഈശോ തന്റെ പീഡാസഹനത്തിന്റെ തലേദിവസം പത്രോസിന് ഇങ്ങനെ ഉറപ്പുകൊടുത്തു: “നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു” (ലൂക്കാ 22:32). ദൈവമക്കളുടെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഏവർക്കും, പ്രത്യേകിച്ച് മാതാപിതാക്കൾക്കും ആത്മീയപാലകർക്കും ഉത്തരവാദിത്വമുണ്ട്. വിശ്വാസത്തെ ഒരിക്കലും ലഘുവായി സഭ കാണുന്നില്ല. നമ്മെ നിരന്തരം നയിക്കാൻ വേണ്ടി വിശ്വാസമെന്ന ദൈവികദാനത്തെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം (വിശ്വാസവെളിച്ചം, 6). “ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു” (2 കോറി 5:14) എന്നു പ്രഘോഷിച്ച വിശുദ്ധ പൗലോസ് ശ്ലീഹായെപ്പോലെ ക്രിസ്തുസ്നേഹത്താൽ പ്രചോദിതരായി (വിശ്വാസത്തിന്റെ വാതിൽ, 7) ജീവിക്കാനും പ്രവർത്തിക്കാനും നാം ഉത്സുഹരാകണം.

ദൈവവചനം വായിക്കാനും ധ്യാനിക്കാനും പഠിക്കാനും വലിയ ആവേശം ഇന്നു കേരളസഭയിൽ പ്രകടമാണ്. ഇതുപോലെതന്നെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെയും യുവജനമതബോധനഗ്രന്ഥത്തിന്റെയും വായനയും പഠനവും സഭയോട് ചേർന്നു നില്ക്കാനും സത്യവിശ്വാസത്തിൽ ആഴപ്പെടാനും ആവശ്യമാണ്. കേരളസഭയുടെ തന്നെ ചരിത്രത്തെയും തനിമയെയും ആധ്യാത്മിക സമ്പത്തിനെയും കുറിച്ചുള്ള അറിവ് നേടുന്നതിനും നാം ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ നിന്നുള്ള വിശുദ്ധ അൽഫോൻസായെയും വാഴ്ത്തപ്പെട്ടവരെയും ധന്യരെയും ദൈവദാസരെയും കുറിച്ചുള്ള പഠനങ്ങൾ നമ്മുടെ വിശ്വാസജീവിതം ശക്തമാക്കാൻ സഹായിക്കും. അവരുടെ ജീവിതമാതൃകകൾ നമ്മുടെ ആത്മീയ ജീവിതത്തിന് പ്രചോദകമാകാതിരിക്കില്ല.

സ്നേഹത്തിലൂടെയാണ് നമ്മുടെ വിശ്വാസം പ്രവർത്തന നിരതമാകേണ്ടത് (ഗലാ 5:6). ദരിദ്രരെ സഹായിക്കുന്ന മനഃസ്ഥിതി നമ്മിൽ രൂഢമൂലമാകണം. ഇന്നത്തെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും, ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ഓരോ ക്രിസ്ത്യാനിയുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയുമാണ് (രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ ആധുനിക യുഗത്തിൽ,1). നമ്മുടെ സ്നേഹം ആവശ്യപ്പെടുന്നവരിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ മുഖം തിരിച്ചറിയാൻ നമുക്കു സാധിക്കണം (വിശ്വാസത്തിന്റെ വാതിൽ, 14). "എന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയ ഒരാൾക്ക് നിങ്ങൾ അതു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ 25:40) എന്ന ക്രിസ്തുവിന്റെ വാക്കുകൾ നമുക്കുള്ള ഒരു സ്ഥിരം മുന്നറിയിപ്പാണ്. നല്കുന്നതിലെ സന്തോഷം നാം കണ്ടെത്തണം. "സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം" (അപ്പ: 20:35) എന്ന വിശുദ്ധ ഗ്രന്ഥവചനം നമുക്ക് ശക്തിയാകണം.

വിശ്വാസവർഷത്തിൽ സഭയ്ക്ക് ലഭിച്ച ദൈവത്തിന്റെ വലിയ സമ്മാനമാണ് ഫ്രാൻസിസ് പാപ്പാ. തന്റെ പ്രസംഗത്തിലൂടെയും ജീവിതത്തിലൂടെയും ലാളിത്യത്തിന്റെയും കാരുണ്യത്തിന്റെയും സംസ്കാരം രൂപപ്പെടുത്താനാണ് പരിശുദ്ധ പിതാവ് പരിശ്രമിക്കുന്നത്. "കരുണയുള്ളവരാകുക," "വേദനിക്കുന്നവരോട് പക്ഷം ചേരുക," "ലളിതജീവിതം നയിക്കുക," "സാഹോദര്യം പടുത്തുയർത്തുക, "ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക" തുടങ്ങിയ സന്ദേശങ്ങൾ അദ്ദേഹം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ ആഘോഷങ്ങളിലും നിർമാണപ്രവർത്തനങ്ങളിലും വ്യക്തിജീവിതത്തിലും പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്ന ജീവിതശൈലി ഉൾക്കൊള്ളാൻ നാം തയ്യാറാകണം. തിരുനാളുകളും ജ്ഞാനസ്നാനവും പ്രഥമ ദിവ്യകാരുണ്യവും വിവാഹവും തിരുപ്പട്ടവും ജൂബിലിയും ഒക്കെ ആഘോഷത്തിനും ധൂർത്തിനുമുള്ള അവസരമായി മാറുന്ന പശ്ചാത്തലത്തിൽ എളിമയുടെയും ലാളിത്യത്തിന്റെയും ജീവിതശൈലിയിലേക്ക് തിരിച്ചു പോകാൻ റൂബിജൂബിലിയാചരണം നമ്മെ സഹായിക്കണം.





വളർന്നുവരുന്ന ഇളംതലമുറയ്ക്ക് പ്രാർത്ഥനയിലൂടെയും കൗദാശിക ജീവിതത്തിലൂടെയും ജീവിതമാതൃകയിലൂടെയും വിശ്വാസം പകർന്നുകൊടുക്കാൻ മാതാപിതാക്കന്മാർ ഉത്സുകരാകേണ്ടതുണ്ട്. വിശ്വാസത്തിന്റെ പൊതു ആചാരങ്ങൾ കുടുംബങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിന് മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. കുട്ടികളുടെ പക്വമായ വിശ്വാസവളർച്ചയ്ക്ക് അവ ആവശ്യമാണ് (വിശ്വാസവെളിച്ചം 53). പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇക്കഴിഞ്ഞ ലോകയുവജന സമ്മേളനത്തിൽ, ക്രിസ്തുവിൽ സന്തോഷിക്കാനും ക്രിസ്തുവിനെ ലോകത്തിന് നല്കാനും ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ആഹ്വാനം എല്ലാവർക്കും ബാധകമാണ്. യഥാർത്ഥ വിശ്വാസം നമ്മുടെ സമൂഹങ്ങളെ പ്രത്യാശയിലേക്കു നയിക്കുന്നുവെന്ന് മാർപാപ്പാ വിശ്വാസവെളിച്ചമെന്ന തന്റെ ചാക്രികലേഖനത്തിലും പറയുന്നുണ്ട്. ഓരോ വ്യക്തിയുടെയും മഹത്ത്വം ഉദ്ഘോഷിക്കുന്നതാണ് ക്രൈസ്തവവിശ്വാസം. ദൈവം ഓരോ വ്യക്തിയെയും അനന്തമായി സ്നേഹിക്കുന്നതുകൊണ്ടാണിത്. അതിനാൽ, നാം എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും ആദരിക്കുകയും വേണം. നീതി, നിയമവ്യവസ്ഥ, സമാധാനം, നല്ല മനുഷ്യബന്ധങ്ങൾ എന്നിവ നടപ്പാക്കിക്കൊണ്ട് സഭയുടെ വിശ്വാസത്തിന് നാം സാക്ഷ്യം വഹിക്കണം.

ഒക്ടോബർ 20-ാം തിയ്യതി ആഗോളമിഷൻഞായർ നാം ആചരിക്കുകയാണല്ലോ. ഈ ദിനത്തിന്റെ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കികൊണ്ട് മാർപാപ്പ പുറപ്പെടുവിച്ച സന്ദേശം അന്യത്ര ചേർത്തിട്ടുണ്ട്. കുറച്ചുപേർക്കുവേണ്ടിമാത്രമായി കരുതിവെച്ചിട്ടുള്ള ദാനമല്ല വിശ്വാസം എന്നകാര്യം പ്രസ്തുത സന്ദേശത്തിൽ അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഈ ദാനം നമ്മൾ സ്വകാര്യസ്വത്തായി വയ്ക്കാൻ പാടില്ല. അതു പങ്കുവയ്ക്കപ്പെടണം, അത് ഉദാരതയോടെ നൽകപ്പെടണം. അല്ലെങ്കിൽ നാം ഒറ്റപ്പെട്ടവരും ഫലശൂന്യരും രോഗികളുമായിത്തീരും എന്നാണ് മാർപാപ്പ പഠിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണം ക്രിസ്തു ശിഷ്യരാ

യിരിക്കുക എന്നതിന്റെ ഭാഗമാണ്. സഭയുടെ മുഴുവൻ ജീവിതത്തെയും സജീവവും പ്രവർത്തനനിരതവുമാക്കുന്ന സുസ്ഥിരമായ സമർപ്പണമാണത്. "മിഷ്യൻ പ്രവർത്തനം സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളം കൂടിയാണെന്ന്" ബെനഡിക്ട് 16-ാമൻ പാപ്പ പ്രസ്താവിച്ചിട്ടുണ്ട്. ഓരോ സമൂഹവും വിശ്വാസം ഏറ്റുപറയുകയും ആരാധനാക്രമത്തിൽ അതു സന്തോഷപൂർവം ആഘോഷിക്കുകയും, പരസ്നേഹത്തോടെ ജീവിക്കുകയും വേണം. ക്രിസ്തുവിനെ അറിയാൻ അവസരം ലഭിക്കാത്തവരിലേക്ക് ദൈവവചനം എത്തിച്ചുകൊടുക്കാൻ നാം തയ്യാറാകണം. അപ്പോൾ അത് പക്വത പ്രാപിച്ചതാകും. നമ്മുടെ വിശ്വാസത്തിന്റെ ശക്തി അളക്കപ്പെടുന്നത്, മറ്റുള്ളവരിലേക്ക് അതു പകരാനും വ്യാപിപ്പിക്കാനും പരസ്നേഹത്തിൽ അതു ജീവിക്കാനും നാം കണ്ടുമുട്ടുന്നവരുടെ മദ്ധ്യേ അതിനു സാക്ഷ്യം വഹിക്കാനും നാം നടത്തുന്ന പരിശ്രമത്തിന്റെ അടിസ്ഥാനത്തിലാണ്.

നമ്മുടെ കാലഘട്ടത്തിലെ മനുഷ്യർക്ക് അവരുടെ വഴിയിൽ പ്രകാശം വീശുന്ന സുരക്ഷിതമായ ഒരു വിളക്കു വേണം. അതു നല്കാൻ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനേ കഴിയുകയുള്ളൂ. അതിനാൽ, നമ്മുടെ സാക്ഷ്യത്തിലൂടെ വിശ്വാസം നമുക്ക് നല്കിയ സ്നേഹവും പ്രത്യാശയും ഈ ലോകത്തിനു നല്കാം. സഭയുടെ മിഷണറി ചൈതന്യം ജീവിതസാക്ഷ്യമാണ്. സഭ ഒരു ദുരിതാശ്വാസപ്രവർത്തനസംഘടനയോ എൻജിഒയോ അല്ല. പിന്നെയോ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട വിശ്വാസികളുടെ സമൂഹമാണ്. സഭാംഗങ്ങളായ നമ്മൾ യേശുവുമായുള്ള കണ്ടുമുട്ടലിന്റെ സന്തോഷം സ്വജീവിതത്തിൽ അനുഭവിച്ചറിയണം. അത് നമ്മുടെ ജീവിതത്തിൽ ദർശിക്കുവാൻ മറ്റുള്ളവർക്ക് സാധിക്കണം. അത് നാം അവർക്ക് പങ്കുവയ്ക്കണം. അതിന് സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. സുവിശേഷവൽക്കരണത്തിന്റെ ചൈതന്യം വേണ്ടവിധം ഉൾക്കൊണ്ടുകൊണ്ട് മിഷൻ ഞായർ ഫലപ്രദമായി ആചരിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു.





ജപമാല ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിതമായ മാസമാണല്ലോ ഒക്ടോബർ. ജപമാല, മറിയത്തോടുള്ള പ്രാർത്ഥനയാണെങ്കിലും ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥനയാണ്. സമാധാനത്തിനും കുടുംബങ്ങളുടെ സുസ്ഥിതിക്കും വേണ്ടിയുള്ള പ്രാർത്ഥനയാണത്. മറിയത്തോടൊപ്പം ക്രിസ്തുവിനെ ധ്യാനിക്കുകയാണ് ജപമാലയിൽ ചെയ്യുന്നത്. ജപമാല പ്രാർത്ഥനക്ക് പ്രതിഷ്ഠിതമായിട്ടുള്ള ഈ മാസത്തിൽ പരിശുദ്ധമറിയത്തിന്റെ മാദ്ധ്യസ്ഥ്യ ശക്തി പ്രത്യേകവിധത്തിൽ അനുഭവിച്ചറിയുവാനും അമ്മയോടുള്ള ഭക്തിയിൽ വളരുവാനും നാം പരിശ്രമിക്കണം. ദൈവാലയങ്ങളിലും അയൽപക്കകുടുംബങ്ങൾ ഒന്നുചേർന്നും ആഘോഷമായി ജപമാല അർപ്പിക്കുന്നതുവഴി വളരെയേറെ അനുഗ്രഹങ്ങൾ ഇടവക സമൂഹത്തിനും കുടുംബങ്ങൾക്കും ലഭിക്കുന്നുണ്ട്. ആയതിനാൽ ആ പതിവ് പൂർവ്വാധികം തീക്ഷണതയോടെ തുടരണമെന്ന് ഞാൻ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2013 ഒക്ടോബർ 6 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# ലോകമിഷൻ ഞായർ - 2013

## മാർപാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഈ വർഷം ലോകമിഷൻ ദിനം ആചരിക്കുമ്പോൾ, വിശ്വാസ വർഷാചരണം അവസാനിക്കുകയാണ്. വിശ്വാസവർഷാചരണം കർത്താവുമായുള്ള നമ്മുടെ സൗഹൃദവും ധീരതയോടെ സുവിശേഷം പ്രസംഗിക്കുന്ന സഭയെന്ന നിലയിലുള്ള നമ്മുടെ യാത്രയും ശക്തിപ്പെടുത്താനുള്ള സുപ്രധാനമായ ഒരു സന്ദർഭമായിരുന്നു. ഈ സാഹചര്യത്തിൽ ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവം തന്ന അമൂല്യദാനമാണ് വിശ്വാസം. അവിടത്തെ അറിയാനും സ്നേഹിക്കാനും വേണ്ടി അതു നമ്മുടെ മനസ്സുകളെ തുറക്കുന്നു. നമ്മോടു ബന്ധം സ്ഥാപിക്കാനും തന്റെ ജീവനിൽ നമ്മെ പങ്കുചേർക്കാനും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം കൂടുതൽ അർത്ഥപൂർണവും കൂടുതൽ മേന്മയുള്ളതും കൂടുതൽ സുന്ദരവും ആക്കുന്നതിനായി ദൈവം നമ്മെ സ്നേഹിക്കുന്നു!

എന്നാൽ വിശ്വാസം സ്വീകരിക്കപ്പെടണം. നമ്മുടെ വ്യക്തിപരമായ പ്രത്യുത്തരം അതിന് ആവശ്യമാണ്. ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കാനും അവിടത്തെ സ്നേഹം ജീവിക്കാനും അവിടത്തെ അനന്തകാരുണ്യത്തോടു നന്ദി കാണിക്കാനും ആവശ്യമായ ധീരത നമുക്കുണ്ടാകണം. കുറച്ചുപേർക്കു മാത്രമായി കരുതിവച്ചിട്ടുള്ള ദാനമല്ല വിശ്വാസം. അത് ഉദാരതയോടെ നല്കപ്പെടുന്നു. ദൈവത്താൽ സ്നേഹിക്കപ്പെടുന്നതിന്റെ സന്തോഷം, രക്ഷയുടെ സന്തോഷം അനുഭവിക്കാൻ ഒരോ വ്യക്തിക്കും കഴിയണം.

ഈ ദാനം ഒരു വ്യക്തി സ്വകാര്യസ്വത്തായി വയ്ക്കാൻ പാടില്ല. അതു പങ്കുവയ്ക്കപ്പെടണം. അല്ലെങ്കിൽ നാം ഒറ്റപ്പെട്ടവരും ഫലശൂന്യരും രോഗികളുമായിത്തീരും. സുവിശേഷപ്രഘോഷണം ക്രിസ്തു ശിഷ്യ





രായിരിക്കുകയെന്നതിന്റെ ഭാഗമാണ്. സഭയുടെ മുഴുവൻ ജീവിതത്തെയും സജീവവും പ്രവർത്തനനിരതവുമാക്കുന്ന സുസ്ഥിരമായ സമർപ്പണമാണത്.

"മിഷ്യൻ പ്രവർത്തനം സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണ്" (ബെനഡിക്ട് 16-ാമൻ, *കർത്താവിന്റെ വചനം*, 95). ഓരോ സമൂഹവും വിശ്വാസം ഏറ്റുപറയുകയും ലിറ്റർജിയിൽ അതു സന്തോഷപൂർവം ആഘോഷിക്കുകയും, പരസ്നേഹത്തോടെ ജീവിക്കുകയും വേണം. ദൈവവചനം അവസാനമില്ലാതെ പ്രഘോഷിക്കുകയും "അതിർത്തികളിലേക്ക്", പ്രത്യേകിച്ച്, ക്രിസ്തുവിനെ അറിയാൻ അവസരം ലഭിക്കാത്തവരിലേക്ക്, എത്തിച്ചുകൊടുക്കാൻ തയ്യാറാകണം. അപ്പോൾ അത് പക്വത പ്രാപിച്ചതാകും. നമ്മുടെ വിശ്വാസത്തിന്റെ ശക്തി വ്യക്തിപരവും സമൂഹപരവുമായ തലങ്ങളിൽ അളക്കപ്പെടുന്നത്, മറ്റുള്ളവരിലേക്ക് അതു പകരാനും വ്യാപിപ്പിക്കാനും പരസ്നേഹത്തിൽ അതു ജീവിക്കാനും നാം കണ്ടുമുട്ടുന്നവരുടെയും നമ്മുടെ ജീവിതപാതയിൽ നമ്മോടൊപ്പമായിരിക്കുന്നവരുടെയും മുമ്പിൽ അതിനു സാക്ഷ്യം വഹിക്കാനുമുള്ള കഴിവനുസരിച്ചാണ്.

2. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചിട്ട് അമ്പതു വർഷം കഴിഞ്ഞപ്പോൾ ആചരിച്ച വിശ്വാസവർഷം മുഴുവൻ സഭയ്ക്കും ഒരു പ്രചോദനമായിരുന്നു. സമകാലീനലോകത്ത് സഭയുടെ *സാന്നിധ്യത്തെക്കുറിച്ചുള്ള നവീകൃതമായ ബോധത്തെയും* ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഇടയിൽ അതിനുള്ള *ദൗത്യത്തെയും* സംബന്ധിച്ച പ്രചോദനം വിശ്വാസവർഷം നല്കി. പ്രേഷിത ചൈതന്യം ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കപ്പുറം പിന്നെയോ ജനതകളെയും സംസ്കാരങ്ങളെയും വ്യക്തികളെയും കൂടി സംബന്ധിച്ചുള്ളതാണ്. എന്തെന്നാൽ വിശ്വാസത്തിന്റെ "അതിരുകൾ" സ്ഥലങ്ങളെയും മാനുഷിക പാരമ്പര്യങ്ങളെയും മാത്രമല്ല ഉല്ലംഘിക്കുന്നത്. പിന്നെയോ ഒരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തെക്കൂടി ഉല്ലംഘിക്കുന്നുണ്ട്.

പ്രേഷിതവേല, വിശ്വാസത്തിന്റെ അതിർത്തികളെ വിപുലപ്പെടുത്തുകയെന്നത് മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയുടെയും എല്ലാ ക്രൈസ്തവസമൂഹങ്ങളുടെയും കടമയായിരിക്കുന്നതെങ്ങനെയെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സവിശേഷമാംവിധം ഊന്നിപ്പറഞ്ഞി

ട്ടുണ്ട്. അതിന്റെ കാരണം ഇതാണ്: "ദൈവജനം സമൂഹങ്ങളായി ജീവിക്കുന്നു. പ്രത്യേകിച്ച് രൂപതകളിലും ഇടവകകളിലും ജീവിക്കുന്നു. അവയിൽ കൂടി അവർ ദൃശ്യരായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനുള്ള കടമ സമൂഹങ്ങളിലും നിക്ഷിപ്തമായിരിക്കുന്നു" (*രണ്ടാം വത്തിക്കാൻ*, പ്രേഷിതപ്രവർത്തനം 37).

തന്മൂലം ജറുസലെമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിരുകൾവരെയും തന്റെ സാക്ഷികളായിരിക്കാൻ (അപ്പ 1:8) അപ്പസ്തോലന്മാർക്ക് യേശു നല്കിയ കല്പന തങ്ങൾക്കു നല്കപ്പെട്ടതാക്കാൻ ഓരോ സമൂഹവും വെല്ലുവിളിക്കപ്പെടുന്നുണ്ട്. ഇത് ക്രൈസ്തവജീവിതത്തിന്റെ സത്താപരമായ കാര്യമാണ്. നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം പ്രഘോഷിച്ചും അതിനു സാക്ഷ്യം വഹിച്ചും സുവിശേഷത്തിന്റെ മുന്നോടികളായിത്തീർന്നും ലോകത്തിന്റെ തെരുവീഥികളിലൂടെ മുന്നേറാൻ നാമെല്ലാവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

പരിശീലിപ്പിക്കലിലും അജപാലനപരമായ കർമ്മപരിപാടികളിലും ഈ മിഷണറിമാനത്തിന് പ്രധാനസ്ഥാനം നല്കാൻ മെത്രാന്മാരെയും വൈദികരെയും വൈദിക-അജപാലക-കൗൺസിലുകളെയും സഭയിൽ ഉത്തരവാദിത്വം വഹിക്കുന്ന ഓരോ വ്യക്തിയെയും ഞാൻ ക്ഷണിക്കുന്നു. രാഷ്ട്രങ്ങൾക്കും ജനതകൾക്കും മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയെന്നത് ലക്ഷ്യമാക്കുന്നില്ലെങ്കിൽ അവരുടെ അപ്പസ്തോലിക സമർപ്പണം പൂർണമാകുന്നില്ലെന്നു അവർ മനസ്സിലാക്കണം. ഈ പ്രേഷിതവശം ക്രൈസ്തവജീവിതത്തിന്റെ സകല വശങ്ങളെയും സ്പർശിക്കുന്നു. അത് വെറും കർമ്മപരിപാടിപരമായ കാര്യമല്ലെന്ന് അർത്ഥം.

3. സുവിശേഷവത്കരണപ്രവർത്തനം മിക്കപ്പോഴും ബാഹ്യമായ തടസ്സങ്ങളെ മാത്രമല്ല, സഭാത്മകസമൂഹത്തിൽ നിന്നു തന്നെയുണ്ടാകുന്ന തടസ്സങ്ങളെയും നേരിടേണ്ടിവരുന്നുണ്ട്. ക്രിസ്തുവിന്റെ സന്ദേശം എല്ലാവരോടും പ്രഘോഷിക്കാനും നമ്മുടെ കാലഘട്ടത്തിലെ മനുഷ്യരെ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലേക്കു നയിക്കാനും വേണ്ടത്ര തീക്ഷ്ണതയും സന്തോഷവും ധൈര്യവും പലരും കാണിക്കുന്നില്ല.





സുവിശേഷ സത്യത്തിന്റെ പ്രഘോഷണം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമാണെന്ന് ഇപ്പോഴും ചിന്തിക്കുന്നവരുണ്ട്. പോൾ ആറാമൻ മാർപാപ്പാ ഇതിനെപ്പറ്റി ശക്തമായ ഭാഷയിൽ ഇങ്ങനെ പറഞ്ഞു: "നമ്മുടെ സഹോദരന്മാരുടെ മനസ്സാക്ഷിയിൽ എന്തെങ്കിലും അടിച്ചേല്പിക്കുന്നത് പിശകാകാം. എന്നാൽ സുവിശേഷസത്യത്തെയും യേശുക്രിസ്തുവിലുള്ള രക്ഷയെയും കുറിച്ച്, തികഞ്ഞ വ്യക്തതയോടും തിരഞ്ഞെടുക്കാൻ അനുവദിക്കുന്ന സ്വാതന്ത്ര്യത്തോടുള്ള തികഞ്ഞ ആദരവോടും കൂടി, നിർദ്ദേശിക്കുന്നത് ഈ സ്വാതന്ത്ര്യത്തിനു തന്നെ നല്കുന്ന ബഹുമതിയാണ്" (*എവാഞ്ചെലി നൂൺസിയാന്തി,* 80).

ക്രിസ്തുവുമായുള്ള ഒരു കണ്ടുമുട്ടലിന് മറ്റുള്ളവർക്ക് ആദരപൂർവം നിർദ്ദേശം നല്കാൻ നമുക്ക് കഴിയണം. അവിടത്തെ സുവിശേഷത്തിന്റെ മുന്നോടികളായിരിക്കാൻ വേണ്ട ധൈര്യവും സന്തോഷവും നമുക്ക് ഉണ്ടായിരിക്കണം. രക്ഷയുടെ വഴി കാണിക്കാൻ യേശു നമ്മുടെയിടയിൽ വന്നു. അത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അറിയിക്കാനുള്ള ദൗത്യം നമ്മെ ഏല്പിച്ചു. അക്രമവും നുണകളും അബദ്ധങ്ങളുമുള്ള നമ്മുടെ ഇക്കാലത്ത് സുവിശേഷത്തിന്റെ നന്മയെപ്പറ്റി പ്രഘോഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക അത്യന്താപേക്ഷിതമാണ്. ഇത് സഭയുടെ ഉള്ളിൽ നിന്നു തന്നെ നടക്കണം.

ഓരോ സുവിശേഷപ്രഘോഷകനും അടിസ്ഥാനപരമായ ഒരു തത്ത്വം ഒരിക്കലും മറക്കാൻ പാടില്ല. സഭയെക്കൂടാതെ ക്രിസ്തുവിനെ പ്രസംഗിക്കാൻ ഒരുവനും കഴിയുകയില്ല. സുവിശേഷവത്കരണം ഒറ്റപ്പെട്ട, വ്യക്തിപരമായ, സ്വകാര്യമായ പ്രവൃത്തിയല്ല, അത് എപ്പോഴും സഭാപരമാണ്. പോൾ ആറാമൻ മാർപാപ്പാ ഇങ്ങനെ എഴുതി: ഒരു മതപ്രഭാഷകനോ മതാധ്യാപകനോ അജപാലകനോ സുവിശേഷം പ്രസംഗിക്കുകയും ചെറിയൊരു സമൂഹത്തെ രൂപപ്പെടുത്തുകയും കൂദാശ നല്കുകയും ചെയ്യുന്നത് ഒറ്റയ്ക്കാണെങ്കിലും അയാൾ സഭാത്മകമായ ഒരു പ്രവൃത്തിയാണു ചെയ്യുന്നത്. തന്റേതെന്ന് അവകാശപ്പെടുന്ന ഒരു ദൗത്യത്തിന്റെ ബലം കൊണ്ടോ ഒരു പ്രചോദനത്തിന്റെ ഫലമായിട്ടോ അല്ല അങ്ങനെ ചെയ്യുന്നത്, പിന്നെയോ സഭയുടെ ദൗത്യത്തോടുള്ള

ഐക്യത്തിലും സഭയുടെ നാമത്തിലുമാണ് (*എവാഞ്ചെലീ നൂൺസി യാന്തി,* 60). ഇത് പ്രേഷിതവേലയ്ക്കു ശക്തി നല്കുന്നു. താൻ ഒരിക്കലും ഒറ്റപ്പെട്ടവനല്ലെന്നും പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെട്ട ഒറ്റ ശരീരത്തിലെ അംഗമാണെന്നും ഓരോ മിഷണറിയും ഓരോ സുവിശേഷപ്രഘോഷകനും തോന്നാൻ അതു സഹായകമാകണം.

4. നമ്മുടെ കാലഘട്ടത്തിൽ പുതിയ മാധ്യമങ്ങളിലൂടെയുള്ള വിവരപ്രദാനത്തിന്റെ വ്യാപകമായ ചലനക്ഷമതയും സുഗമതയും ജനങ്ങളെയും വിജ്ഞാനത്തെയും അനുഭവത്തെയും സമ്മിശ്രമാക്കിയിട്ടുണ്ട്. ജോലിക്കുവേണ്ടി ഒരു ഭൂഖണ്ഡത്തിൽ നിന്ന് മറ്റൊന്നിലേക്ക് കുടുംബം മുഴുവനായി കുടിയേറുന്നു. വൈദഗ്ധ്യത്തിന്റെയും സംസ്കാരത്തിന്റെയും പരസ്പര കൈമാറ്റം, ടൂറിസം എന്നിവയും അതുപോലുള്ള മറ്റു പ്രതിഭാസങ്ങളും ജനങ്ങളുടെ വലിയ തോതിലുള്ള സ്ഥലം മാറ്റത്തിനു കാരണമായിട്ടുണ്ട്. ഇടവകസമൂഹത്തിൽ പോലും സ്ഥിരവാസികളെയും താത്കാലികവാസികളെയും തിരിച്ചറിയൻ പ്രയാസമായിരിക്കുന്നു.

കൂടാതെ, പരമ്പരാഗതമായി ക്രൈസ്തവമയിരുന്ന പ്രദേശങ്ങളിൽ ഇന്ന് വിശ്വാസം പരിചയമില്ലാത്തവരുടെയും മതത്തോടു നിസ്സംഗത പുലർത്തുന്നവരുടെയും മറ്റുമതങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ടവരുടെയും സംഖ്യ കൂടിക്കൂടി വരുന്നു. അതുകൊണ്ട് മാമ്മോദീസ സ്വീകരിച്ച ചിലർ വിശ്വാസത്തിൽ നിന്ന് അകറ്റുന്ന ജീവിതശൈലി തിരഞ്ഞെടുക്കുന്നു. തന്മൂലം അവരുടെയിടയിൽ നവസുവിശേഷവത്കരണം അത്യാവശ്യമായിരിക്കുന്നു. ഇതിനുപുറമേ മനുഷ്യവംശത്തിലെ വലിയൊരു വിഭാഗത്തിലേക്ക് യേശുക്രിസ്തുവിന്റെ സന്ദേശം എത്തിച്ചേർന്നിട്ടില്ലെന്ന അവസ്ഥയുമുണ്ട്.

നാം ഇപ്പോൾ ഒരു വിഷമസ്ഥിതിയിലാണു ജീവിക്കുന്നത്. അസ്തിത്വത്തിന്റെ വിവിധ മേഖലകളെ - സാമ്പത്തികത, പണം, ഭക്ഷ്യസുരക്ഷിതത്വം, പരിസ്ഥിതി മുതലായവയെ - മാത്രമല്ല അതു സ്പർശിക്കുന്നത്. പിന്നെയോ ജീവിതത്തിന്റെ കൂടുതൽ അഗാധമായ അർത്ഥവും അതിനെ സജീവമാക്കുന്ന മൗലികമൂല്യങ്ങളും ഉൾക്കൊള്ളുന്ന കാര്യങ്ങളെകൂടി അതു സ്പർശിക്കുന്നുണ്ട്.





മാനുഷിക സഹാസ്തിത്വം പോലും സംഘർഷങ്ങളും സംഘട്ടനങ്ങളുമുള്ളതായിരിക്കുന്നു. അത് അരക്ഷിതത്വത്തിനു കാരണമാകുന്നു. സ്ഥിരസമാധാനത്തിലേക്കുള്ള ശരിയായ വഴി കണ്ടെത്തുകയെന്നത് പ്രയാസമുള്ള കാര്യമാക്കുന്നു. സങ്കീർണമായ ഈ സാഹചര്യത്തിൽ, ഇപ്പോഴത്തെയും ഭാവിയിലെയും ചക്രവാളങ്ങളെ കറുത്ത കാർമേഘങ്ങൾ മൂടുന്നുവെന്നു തോന്നുമ്പോൾ, ധീരതയോടെ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടണം. അതു പ്രത്യാശയുടെയും അനുരഞ്ജനത്തിന്റെയും കൂട്ടായ്മയുടെയും സന്ദേശമാണ്. അത് ദൈവത്തിന്റെ സാമീപ്യത്തെയും കാരുണ്യത്തെയും രക്ഷയെയും കുറിച്ചുള്ള പ്രഘോഷണമാണ്; തിന്മയുടെ അന്ധകാരത്തെ കീഴടക്കാനും നന്മയുടെ വഴിയേ നമ്മെ നയിക്കാനും ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തിക്കു കഴിയുമെന്ന പ്രഘോഷണമാണത്.

നമ്മുടെ കാലഘട്ടത്തിലെ മനുഷ്യർക്ക് അവരുടെ വഴിയിൽ പ്രകാശം വീശുന്ന സുരക്ഷിതമായ ഒരു വിളക്കു വേണം. അതു നല്കാൻ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനേ കഴിയുകയുള്ളൂ. അതിനാൽ, നമുക്ക്, നമ്മുടെ സാക്ഷ്യത്തിലൂടെ വിശ്വാസം നല്കിയ സ്നേഹവും പ്രത്യാശയും ഈ ലോകത്തിനു നല്കാം. സഭയുടെ മിഷണറി ചൈതന്യം മതം മാറ്റത്തെ സംബന്ധിക്കുന്ന ഒന്നല്ല. പിന്നെയോ അത് ജീവിത സാക്ഷ്യമാണ്. പ്രത്യാശയെയും സ്നേഹത്തെയും പ്രദാനം ചെയ്യുന്ന പാതയെ അത് പ്രകാശിപ്പിക്കുന്നു. സഭ ഒരു ദുരിതാശ്വാസപ്രവർത്തനസംഘടനയോ എൻജിഓയോ അല്ല. പിന്നെയോ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ആളുകളുടെ ഒരു സമൂഹമാണ്. അവർ യേശുവുമായുള്ള കണ്ടുമുട്ടലിന്റെ വിസ്മയത്തിൽ ജീവിച്ചവരും അതിൽ ജീവിക്കുന്നവരുമാണ്. കർത്താവു നമുക്കു തന്ന രക്ഷാകരസന്ദേശം, അഗാധമായ സന്തോഷത്തിന്റെ അനുഭവം, പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരുമാണ്. ഈ പാതയിൽ സഭയെ നയിക്കുന്നതു പരിശുദ്ധാത്മാവാണ്.

5. ക്രിസ്തുവിന്റെ സദ്വാർത്തയുടെ വാഹകരാകാൻ ഓരോ വ്യക്തിയെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിഷണറിമാരോട്, ഫീദേയി ദോനും വൈദികരോട്, സന്ന്യസ്തരോട്, അല്മായരോട്, ഞാൻ പ്രത്യേകമാം വിധം നന്ദിപറയുന്നു. ആ പ്രേഷിതരുടെ സംഖ്യ വർധിച്ചുകൊണ്ടാണിരിക്കുന്നത്. അവർ കർത്താവിന്റെ വിളി

കേൾക്കുകയും വ്യത്യസ്ത പ്രദേശങ്ങളിലും സംസ്കാരങ്ങളിലും സുവിശേഷത്തിനു സേവനം ചെയ്യാൻ സ്വന്തം നാട് ഉപേക്ഷിച്ചു പോകുകയും ചെയ്യുന്നു.

എന്നാൽ ഈ യുവസഭകൾ പ്രയാസത്തിൽ കഴിയുന്ന സഭകളിലേക്ക് - മിക്കപ്പോഴും പുരാതന ക്രൈസ്തപാരമ്പര്യമുള്ള സഭകളിലേക്ക് - ഉദാരതയോടെ മിഷണറിമാരെ അയയ്ക്കുന്നുണ്ടെന്ന വസ്തുത സന്തോഷകരമാണ്. അവർ അങ്ങനെ, ജീവിതത്തെ നവീകരിക്കുകയും പ്രത്യാശ നല്കുകയും ചെയ്യുന്നു. വിശ്വാസത്തിൽ ജീവിക്കുന്നതിന്റെ നവീനതയും തീക്ഷ്ണതയും അവർ കൊണ്ടുവരുന്നു.

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന കർത്താവിന്റെ കല്പനയോടു പ്രത്യുത്തരിച്ചുകൊണ്ട് ഈ സാർവത്രികമാനത്തിൽ ജീവിക്കുകയെന്നത്, ഓരോ പ്രാദേശികസഭയ്ക്കും ഓരോ സമൂഹത്തിനും സമ്പന്നത നല്കുന്ന ഒന്നാണ്. കാരണം, മിഷണറിമാരെ അയയ്ക്കുകയെന്നത് ഒരിക്കലും ഒരു നഷ്ടമല്ല. പിന്നെയോ ലാഭമാണ്.

പരിശുദ്ധാത്മാവിനോട് ഉദാരതയോടെ പ്രത്യുത്തരിക്കാനുള്ള ഈ ആഹ്വാനം അനുഭവിക്കുന്ന എല്ലാവരോടും അവരുടെ ജീവിതാവസ്ഥയ്ക്കു ചേർന്നവിധം ഭയപ്പെടാതെ കർത്താവിനോട് ഔദാര്യം കാണിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. പുറജാതികളുടെയിടയിലുള്ള പ്രേഷിതവേലയ്ക്കായി ഉണ്ടാകുന്ന വിളിയെ ദീർഘവീക്ഷണത്തോടും സൂക്ഷ്മമായ തിരിച്ചറിവോടും കൂടി പിന്താങ്ങാൻ മെത്രാന്മാരെയും കുടുംബങ്ങളെയും സന്ന്യസ്ത സമൂഹങ്ങളെയും എല്ലാ ക്രൈസ്തവ ഗ്രൂപ്പുകളെയും ഞാൻ ക്ഷണിക്കുകയും ചെയ്യുന്നു. വൈദികരെ ആവശ്യമുള്ള സഭകളെ സഹായിക്കാൻ, അങ്ങനെ ക്രൈസ്തവസമൂഹത്തെ ശക്തിപ്പെടുത്താൻ, ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഒരേ എപ്പിസ്കോപ്പൽ കോൺഫ്രൻസിന്റെ അഥവാ റീജിയന്റെ ഭാഗങ്ങളായുള്ള സഭകളിലും ഈ താത്പര്യം ഉണ്ടായിരിക്കണം. എന്തെന്നാൽ, ദൈവവിളികളാൽ സമ്പന്നമായ സഭകൾ ദൈവവിളികളില്ലാത്തവയെ കൂടുതൽ ഉദാരതയോടെ സഹായിക്കുകയെന്നത് സുപ്രധാന കാര്യമാണ്. അതേസമയം, മിഷണറിമാർ പ്രത്യേകിച്ച്, ഫീദേയി ദോനും വൈദികരും അല്മായരും, അവർ അയയ്ക്കപ്പെട്ട സഭകളിലെ അമൂല്യസേവനത്തിന്റെ സന്തോഷത്തിൽ ജീവിക്കണമെന്നും അവരുടെ മാതൃസഭകളിലേക്ക് അവരുടെ സന്തോഷവും അനുഭവവും കൊണ്ടുചെല്ലണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. വിശുദ്ധ പൗലോസും ബർണബാസും അവരുടെ ആദ്യത്തെ പ്രേഷിതയാത്രയുടെ അവസാനം റിപ്പോർട്ടു ചെയ്തതെന്തെന്ന് ഓർമ്മിക്കുക. "തങ്ങൾ മുഖാന്തരം ദൈവം എന്തെല്ലാം പ്രവർത്തിച്ചുവെന്നും വിജാതീയർക്കു വിശ്വാസത്തിന്റെ വാതിൽ അവിടന്ന് എങ്ങനെ തുറന്നു കൊടുത്തുവെന്നും" (അപ്പ 14:27) അവർ റിപ്പോർട്ടു ചെയ്തല്ലോ.





വിശ്വാസത്തിന്റെ "തിരിച്ചുവരവിനുള്ള" ഒരു പാതയായിത്തീരാൻ മിഷണറിമാർക്കു കഴിയും. പൗരാണിക ക്രൈസ്തവ പാരമ്പര്യമുള്ള സഭകളിലേക്ക് യുവസഭകളുടെ നവീനത കൊണ്ടുചെല്ലാനും അവർക്കു കഴിയും. വിശ്വാസം പങ്കുവയ്ക്കുന്നതിനുള്ള സന്തോഷവും തീക്ഷ്ണതയും വീണ്ടും കണ്ടെത്താൻ ആ സഭകളെ സഹായിക്കാൻ അവർക്കു കഴിയും. കർത്താവിന്റെ പാത പിന്തുടരുന്നതിൽ പരസ്പരം സമ്പന്നരാക്കുന്ന പരസ്പര കൈമാറ്റത്തിലാണ് അതു നടക്കുന്നത്.

റോമിലെ മെത്രാൻ തന്റെ സഹോദരന്മാരായ മെത്രാന്മാരോടൊപ്പം പങ്കുവയ്ക്കുന്ന എല്ലാ സഭകളെയും സംബന്ധിച്ച താത്പര്യം പൊന്തിഫക്കൽ മിഷൻ സൊസൈറ്റികളിൽ സുപ്രധാന പ്രകാശനം കണ്ടെത്തുന്നു. മാമ്മോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും ഓരോ സമൂഹത്തിന്റെയും പ്രേഷിതത്വപരമായ മനസ്സാക്ഷിയെ സജീവവും അഗാധവുമാക്കുകയെന്നതാണ് ആ സൊസൈറ്റികളുടെ ലക്ഷ്യം. മുഴുവൻ ദൈവജനത്തിനും കൂടുതൽ ആഴത്തിലുള്ള മിഷണറിപരിശീലനം ആവശ്യമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ലോകത്തിൽ സുവിശേഷം വ്യാപിപ്പിക്കാൻ ക്രൈസ്തവസമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

അവസാനമായി, തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിലും യോഗ്യമായ വിധത്തിൽ വിശ്വാസം അഭ്യസിക്കാനുള്ള അവകാശം അനുഭവിക്കുന്നതിലും പ്രയാസം അനുഭവിക്കുന്ന ക്രൈസ്തവരെക്കുറിച്ച് ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ നമ്മുടെ സഹോദരീസഹോദരന്മാരാണ്. ധീരതയുള്ള സാക്ഷികളാ

ണ്. അവരുടെ സംഖ്യ മുൻ നൂറ്റാണ്ടുകളിലെ രക്തസാക്ഷികളുടേതിനെക്കാൾ വലുതാണ്. അനേക തരത്തിലുള്ള സമകാലീന പീഡനരൂപങ്ങൾ അവർ അപ്പസ്തോലികമായ സ്ഥിരചിത്തതയോടെ സഹിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തോട് വിശ്വസ്തത പുലർത്തുന്നതിൽ പലരും അപകടസാധ്യതയിൽ കഴിയുന്നു. അക്രമവും അസഹിഷ്ണുതയും സഹിക്കുന്ന വ്യക്തികളോടും കുടുംബങ്ങളോടും സമൂഹങ്ങളോടും പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ ഉറപ്പിച്ചു പറയുന്നു. കർത്താവു പറഞ്ഞ ആശ്വാസദായകമായ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ 16:33).

"കർത്താവിന്റെ വചനം വേഗത്തിൽ വ്യാപിക്കുകയും എല്ലായിടത്തും അത് മഹത്ത്വീകൃതമാകുകയും ചെയ്യും" (2 തെസ 3:1) എന്ന പ്രത്യാശ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രകടിപ്പിച്ചു. "ഈ വിശ്വാസ വർഷം കർത്താവായ ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധത്തെ കൂടുതൽ കൂടുതൽ ശക്തിപ്പെടട്ടെ. എന്തെന്നാൽ, ഭാവിയിലേക്ക് ഉറ്റുനോക്കാനുള്ള തീർച്ചയും യഥാർത്ഥവും സ്ഥിരവുമായ സ്നേഹത്തിന്റെ ഗ്യാരന്റിയും അവിടന്നിൽ മാത്രമാണുള്ളത് (*വിശ്വാസത്തിന്റെ വാതിൽ*, 15). ഈ വർഷത്തെ ലോക മിഷൻദിനത്തെ സംബന്ധിച്ച എന്റെ പ്രത്യാശയും ഇതാണ്. ലോകത്തിന്റെ സകല ഭാഗങ്ങളിലും സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ ആ മൗലിക സമർപ്പണത്തോടൊത്തു പോകുകയും അതിനെ പിന്താങ്ങുകയും ചെയ്യുന്ന മിഷണറിമാരെയും മറ്റുള്ള സകലരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു. നമുക്ക് അങ്ങനെ, "സുവിശേഷത്തിന്റെ ശുശ്രൂഷകരും പ്രേഷിതരുമെന്ന നിലയിൽ സുവിശേഷവത്കരണത്തിന്റെ സന്തോഷപൂർണവും ആശ്വാസദായകവുമായ സന്തോഷം" (പോൾ 6-ാമൻ, *എവാഞ്ചെലീ നൂൺസിയാന്തി*, 80 ) അനുഭവിക്കാൻ ഇടയാകട്ടെ.

വത്തിക്കാനിൽ നിന്ന് 19 മേയ് 2013, പെന്തക്കുസ്താത്തിരുനാൾ ദിനം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/22.08.2013/Ref: 2701/K 35/OL/KCBC/DS





422-2013
28.09.2013

# വിജ്ഞാപനം - 118

## സ്ഥിരം കല്ലറ

മിശിഹായിൽ പ്രിയപ്പെട്ടവരെ,

2013 സെപ്തംബർ മാസത്തിലെ രൂപതാബുള്ളറ്റിനിൽ അറിയിച്ചിരുന്നപ്രകാരം, രൂപതാനിയമാവലിയിൽ സ്ഥിരം കല്ലറയെ സംബന്ധിച്ച് നമ്പർ 222-ൽ കൊടുത്തിരിക്കുന്ന നിബന്ധനകളിൽ ഏതാനും മാറ്റങ്ങൾ വരുത്തി താഴെപറയുന്ന ഭേദഗതികൾ വരുത്തിയിരിക്കുന്നു.

1. സ്ഥിരം കല്ലറയ്ക്ക് കുറഞ്ഞ സംഖ്യ 10,000 എന്നത് 20,000 രൂപയും കൂടിയ സംഖ്യ 50,000 എന്നത് 1,00000 രൂപയും ആയിരിക്കും.

2. കല്ലറയ്ക്ക് അഡ്വാൻസായി പണം തന്ന കല്ലറയിൽ ഒരാളെ സംസ്ക്കരിച്ചിട്ട് 25 വർഷം കഴിഞ്ഞതിനുശേഷം മാത്രം നിയമാവലിയിൽ സൂചിപ്പിച്ചിരിക്കുന്ന സംഖ്യകൊടുത്ത് പുതുക്കിയാൽ മതിയാകും.

3. സ്ഥിരം കല്ലറയിൽ അടക്കം ചെയ്യേണ്ട വ്യക്തികളുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വ്യക്തികൾ ഇടവക മാറിയാലും പ്രസ്തുത കല്ലറയിൽ അടക്കം ചെയ്യപ്പെടാനുള്ള അവകാശമുണ്ടായിരിക്കും.

ഈ ക്രമീകരണം 2013 സെപ്തംബർ 15 മുതൽ പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നു.

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ



# BISHOP'S Engagements

## 2013 October

| | | |
|---|---|---|
| 2 | | Catechism Teachers' Convention, Pastoral Centre |
| 3-12 | | Australia |
| 16 | | Abhishekagni Convention, Mannarkkad |
| 19 | AM | Unification Day, Jai Christo |
| | PM | Meeting, Pastoral Centre |
| 24 | | Sehion Retreat Centre, Thavalam |
| 26 | | Mangalam Dam |
| 27 | | St. Mary's Church, Kallepully |
| 30-31 | | Mount St. Thomas, Kakkanad |

## 2013 November

| | |
|---|---|
| 1 | Mercy College, Palakkad |
| 3 | St. Mary's Church, Salem |
| 4 | Ernakulam |
| 5 | Monthly Recollection, Bishop's House |
| 7 | Sehion Retreat Centre, Thavalam |
| 9 | St. Peter's Church, Mankurissi |








**ആദരാഞ്ജലികൾ**

ഫാ. ജേക്കബ് പനയ്ക്കൽ, ഒക്ടോബർ 28.

**വൈദിക തുടർപരിശീലനപരിപാടി**

നവംബർ 26 ഉച്ചമുതൽ 28 ഉച്ചവരെ വൈദികർക്കുവേണ്ടിയുള്ള തുടർപരിശീലനപരിപാടി മുണ്ടൂർ യുവക്ഷേത്രയിൽവെച്ച് നടത്തുന്നു. എല്ലാ വൈദീകരും അതിൽ സംബന്ധിക്കേണ്ടതാണ്.

**മിഷൻ ഞായർ**

ഒക്ടോബർ 20-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായറായി ആഘോഷിക്കുന്നത്. അന്നേദിവസം ലോകം മുഴുവനുമുള്ള സുവിശേഷ പ്രവർത്തനങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം. അന്നേദിവസത്തെ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുക. സംഭാവനകൾ സ്വീകരിച്ച് രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായർ കലണ്ടറും സംഭാവന കവറുകളും ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാനകണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**നിത്യാരാധന കപ്പേള**

സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നംവബർ 2ന് വി. കുർബാനയും ആരാധനയും പാലക്കാട് നിത്യാരാധന കപ്പേളയിൽ ഉണ്ടായിരിക്കുന്നതല്ല.

**ന്യൂനപക്ഷാവകാശം**

ഇന്ത്യൻ ഭരണഘടനയിൽ മതന്യൂനപക്ഷാവകാശത്തേക്കുറിച്ച് പ്രതിപാദിക്കുന്ന കാര്യങ്ങൾ നമ്മൾ കൃത്യമായി അറിഞ്ഞിരിക്കുകയും നമ്മുടെ സ്ഥാപനങ്ങളോട് ബന്ധപ്പെട്ട അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ഇക്കാര്യങ്ങൾ വിശദമാക്കിതരുന്നതിനും വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷസമുദായങ്ങൾ നേരിടുന്ന വെല്ലുവിളികളെ എങ്ങനെ നേരിടണമെന്നും ന്യൂനപക്ഷാവകാശ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുവാൻ എന്തെല്ലാം ചെയ്യണമെന്നും വിശദമാക്കുവാൻ **2013 ഒക്ടോബർ 19 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് രൂപതാ പാസ്റ്ററൽ സെന്ററിൽ** വെച്ച് കൂടുന്ന സമ്മേളനത്തിലേക്ക് എല്ലാ വൈദീകരേയും സന്യാസ സമൂഹങ്ങളിലെ സ്ഥാപനാധികാരികളേയും ക്ഷണിക്കുന്നു. ഡൽഹിയിലെ ന്യൂനപക്ഷാവകാശ കമ്മീഷൻ അംഗം ഡോ. സിറിയക് തോമസ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പ്രസ്തുത യോഗത്തിൽ അഭിവന്ദ്യപിതാവ് ആദ്ധ്യക്ഷം വഹിക്കുന്നതാണ്.

**ഇൻകംടാക്സ് വിശദീകരണ കത്ത്**

പള്ളികളുടെ കണക്കുകളെ സംബന്ധിച്ച് പാലക്കാട് ഇൻകംടാക്സ് ഓഫീസിൽനിന്ന് വിശദീകരണം ആവശ്യപ്പെട്ടുള്ള കത്തുകൾ വരുന്നുണ്ട്. ഇക്കാര്യത്തിൽ നിങ്ങൾക്ക് ലഭിക്കുന്ന കത്തിന്റെ ഫോട്ടോകോപ്പി പള്ളി ഫയലിൽ സൂക്ഷിക്കുകയും ഒറിജിനൽ നിങ്ങളുടെ ഓഡിറ്ററെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 250 വിദ്യാർത്ഥികൾക്ക് 5000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് കുവൈറ്റ് മലയാളി കാത്തലിക്ക് അസ്സോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റ് (KMCA) നൽകുന്നതാണ്. അപേക്ഷകർ 2013 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 870 മാർക്ക് കിട്ടിയവർ ആയിരിക്കണം. ($A^+$=90 marks, A=80 marks, $B^+$=70 marks, B=60 marks, $C^+$=50 marks, C=40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2013 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം: K.T. Thomas, Karippaparambil, D.T. Road Kanjirapally - 686 507.

**ഹോം മിഷൻ**

ഹോം മിഷനിൽ പങ്കെടുക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ പരിശീലനം പൂർത്തിയായി. അവരെ മൂന്ന് ഗ്രൂപ്പുകളായി (St. Mathew, St. Mark, St. Luke) തിരിച്ചിട്ടുണ്ട്. ഒക്ടോബർ മാസം മുതൽ ഹോം മിഷൻ ആരംഭിക്കുകയാണ്. അത് സംബന്ധിച്ചുള്ള വിവരങ്ങൾക്കും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾക്കും ഫാമിലി അപ്പോസ്റ്റലേറ്റിന്റെ വാർത്തകൾ (പേജ് 42) കാണുക.

## APPOINTMENTS

1. **Rev. Fr. Peter Kochupurackal**, Chancellor, Eparchial Curia, Palghat; Chaplain, Mercy Home, Palakkad. w.e.f. 01.10.2013 (additional).
2. **Rev. Fr. Xavier Maramattam**, Rector, St. Mary's Minor Seminary, Kallepully, w.e.f. 01.10.2013.
3. **Rev. Fr. James Chakkiath**, Vicar, Mary Matha Church, Kalladikode; Chaplain, St. Thomas Convent, Kalladikode, w.e.f. 01.10.2013.
4. **Rev. Fr. Thomas Arissery**, Chaplain, Seraphic Novitiate House & St. Francis Convent, Polpully, w.e.f. 01.10.2013.
5. **Rev. Fr. Gilbert Ettonnil**, Relieved, St. Thomas Church, Chittur, w.e.f. 17.10.2013.
6. **Rev. Fr. Shinoj Kalarickal**, Vicar, St. Thomas Church, Chittoor; Chaplain, Vimala Bhavan Convent, Chittoor, w.e.f. 17.10.2013.
7. **Rev. Fr. Sanoj Mundaplackal**, Asst. Vicar, Lourde Matha Forane Church, Vadakkencherry, w.e.f. 17.10.2013

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Nov-13 | FRI | Msgr. Chittilapilly Joseph |
| 4-Nov-13 | MON | Rev. Fr. Chittilapally Jose P. |
| 5-Nov-13 | TUE | Rev. Fr. Chothirakottu Peter |
| 6-Nov-13 | WED | Rev. Fr. Edathala George |
| 7-Nov-13 | THU | Rev. Fr. Ettonnil Gilbert |
| 8-Nov-13 | FRI | Rev. Fr. Ettumanookaran Martin |
| 9-Nov-13 | SAT | Rev. Fr. Kachapilly Joby |
| 11-Nov-13 | MON | Rev. Fr. Kalampadan Martin |
| 12-Nov-13 | TUE | Rev. Fr. Kalan Dhanesh |
| 13-Nov-13 | WED | Rev. Fr. Kalapurakkal Joseph |
| 14-Nov-13 | THU | Rev. Fr. Kalrickal Shinoj |
| 15-Nov-13 | FRI | Rev. Fr. Kallingal Joseph |
| 16-Nov-13 | SAT | Rev. Fr. Kanjirathinkal Renny |
| 18-Nov-13 | MON | Rev. Fr. Kannampadathil Johnson |
| 19-Nov-13 | TUE | Rev. Fr. Kannampuzha C. Jose |
| 20-Nov-13 | WED | Rev. Fr. Karikkattil Ceejo |
| 21-Nov-13 | THU | Rev. Fr. Keettikkal Anto |
| 22-Nov-13 | FRI | Rev. Fr. Kizhakkedath Roy |
| 23-Nov-13 | SAT | Rev. Fr. Kizhakkedath Thom |
| 25-Nov-13 | MON | Rev. Fr. Kochuparambil Jose |
| 26-Nov-13 | TUE | Rev. Fr. Kochupurackal Peter |
| 27-Nov-13 | WED | Rev. Fr. Chalissery Joy CMI |
| 28-Nov-13 | THU | Rev. Fr. Elikkot Vipin CST |
| 29-Nov-13 | FRI | Rev. Fr. Kodakasseril Jomis |
| 30-Nov-13 | SAT | Rev. Fr. Kolamkanny Justin |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

### മതാദ്ധ്യാപകദിനം

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ബുധനാഴ്ചയാണ് ആഘോഷിക്കുന്നത്. പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്ന മതാദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും ഒക്ടോബർ 1-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 4.00ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.**

മതാദ്ധ്യാപകദിനത്തിൽ മതബോധനരംഗത്ത് 15, 25, 35 വർഷങ്ങളായി സേവനം ചെയ്ത മതാദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സരവിജയികൾക്കും, 2012-13 സ്ക്കോളാസ്റ്റിക് ടെസ്റ്റ് വിജയികൾക്കും സമ്മാനങ്ങൾ നല്കി അനുമോദിക്കുന്നു.

NB : മതാദ്ധ്യാപക ദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി സർവ്വീസ് കാർഡുകൾ ധരിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**35 വർഷ അവാർഡ്**

1. ബേബി വി. സി. - ത്രിത്വമല

**25 വർഷ അവാർഡ്**

1. സി. മേഴ്സി മരിയ സി.എം.സി. - കൂനത്തറ
2. ജോസ് ഐ. - പൊന്നംക്കോട്
3. ഡേവിഡ് ഒ. എം. - കൊഴിഞ്ഞാംപ്പാറ
4. ലില്ലി ജെയിംസ് - ഷോളയൂർ
5. സി. മേരി റീമ - കടപ്പാറ

**15 വർഷ അവാർഡ്**

1. മാഗി ജോണി - മേലാർക്കോട്
2. അബ്രാഹം കെ.എം. - എടത്താട്ടുക്കര
3. സി. വെൺമ സി.എസ്.സി. - നെമ്മാറ
4. സി. ലയോള സി.എസ്.സി. - നെമ്മാറ
5. സി. ഡോയൽ സി.എസ്.സി. - നെമ്മാറ
6. ബിജു കെ. എ. - നെമ്മാറ
7. തങ്കച്ചൻ ഡി. - ചീനിക്കപ്പാറ

8. സ്കറിയ ഒ. എസ്. – ചീനിക്കപ്പാറ
9. അബ്രാഹം ജോസഫ് – അലനല്ലൂർ
10. എ. ജെ. കുര്യൻ – മേരിലാന്റ്, ചിറ്റടി
11. സി. അനിറ്റ ചിറമേൽ സി.എച്ച്.എഫ്. – ഒലവക്കോട്
12. ജോയിസി അഗസ്റ്റിൻ – മുണ്ടൂർ
13. ഷേർലി തോമസ് – അകമലവാരം
14. ഫ്രാൻസിസ് എം. പി. – കാരാക്കുറിശ്ശി
15. ജോർജ് ജോസഫ് – കടമ്പഴിപ്പുറം
16. സെലിൻ എസ്. – ചിറ്റിലഞ്ചേരി
17. മേരി എബ്രാഹം – വട്ടപ്പാറ
18. സി. മേരിസ് സി.എം.സി. – ജെല്ലിപ്പാറ
19. രാജു കെ. വി. – കൊടുന്തിരപ്പുള്ളി
20. മേരിക്കുട്ടി ഫിലിപ്പ് – മലമ്പുഴ
21. ജോബി സെബാസ്റ്റ്യൻ – മലമ്പുഴ

**മതാദ്ധ്യാപകരുടെ സാഹിത്യമത്സരവിജയികൾ**

**ഉപന്യാസം**

Ist സി. ആൻസിലിൻ CMC – താവളം
IInd സി. ട്രിനി CMC – കത്തീഡ്രൽ
IIIrd സി. കാർമൽ CMC – താവളം

**ചെറുകഥ**

Ist ജോജി പി. ജെ – കോട്ടപ്പുറം
IInd സുജാ തോമസ് – നീതിപുരം
IIIrd ഷാൻസി ജോർജ് – കണ്ടമംഗലം

**കവിത**

Ist പി. എം സേവ്യർ – കണ്ടമംഗലം
IInd സെലിൻ ടോം – തച്ചനടി
IIIrd ഷിജി ബെന്നി – അഗളി

സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യഥാർത്ഥ വഴിയും സത്യവും ജീവനുമായ ദൈവം യേശുതന്നെയാണെന്നുള്ള വിശ്വാസത്തിലടിയുറച്ച്, വളരുന്ന തലമുറയെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ ഈ





വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ. ടീച്ചേഴ്സ് സെമിനാറിൽ സംബന്ധിക്കുന്ന അധ്യാപകർ അവരുടെ ടീച്ചിംഗ് നോട്ടും കൊണ്ടുവരേണ്ടതാണ്.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

**ഒക്ടോ. 14 തിങ്കൾ 9.30 am to 4.00 pm താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

**ഒക്ടോ. 16 ബുധൻ 9.30 am to 4.00 pm മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

**വിശ്വാസപരിശീലന സംബന്ധമായ എല്ലാ കാര്യത്തിന് വരുമ്പോഴും എല്ലാ അദ്ധ്യാപകരും ഐഡന്റിറ്റി കാർഡ് ധരിച്ചുവരാൻ ശ്രദ്ധിക്കുമല്ലോ.**

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യായന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

**ഒക്ടോ. 20 ഞായർ 9.30am to 4.00pm തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

**ഒക്ടോ. 27 ഞായർ 9.30am to 4.00pm പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ-2013**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

നവം. 10 ഞായർ 9.30am to 4.00pm മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)

| | | | |
|---|---|---|---|
| നവം. 24 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 16 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

ഈ വിശ്വാസവർഷത്തിൽ വിശ്വാസസ്ഥിതീകരണത്തിനും ഏറ്റുപറയുന്നതിനുമായി രണ്ടാംവത്തിക്കാൻ കൗൺസിലിൽനിന്നും ഉരുത്തിരിഞ്ഞ 16 പ്രമാണരേഖകളെ ആസ്പദമാക്കി 1279 ചോദ്യങ്ങൾ അടങ്ങിയ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് എന്ന പഠനസഹായി തയ്യാറായിരിക്കുന്നു. സാൻജോ ബുക്ക്സ്റ്റാളിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭിക്കുന്നതാണ്.

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ് ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും, ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**താല്പര്യമുള്ള അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കും പ്രസ്തുത ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.**





**കുടുംബസമ്മേളനങ്ങളിൽ മാർ ഇരിമ്പൻ മെമ്മോറിയൽ മെഗാ ക്വിസിന്റെ പഠനസഹായി ചർച്ചയ്ക്ക് വിധേയമാക്കി എല്ലാവരെയും ഈ മെഗാ ക്വിസിൽ പങ്കെടുപ്പിക്കുന്നത് ഈ വിശ്വാസവർഷത്തിൽ ഉചിതമായിരിക്കും. ഇക്കാര്യം വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

**ii. സമ്മാനങ്ങൾ**

മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപ വീതം സമ്മാനങ്ങൾ നൽകുന്നതാണ്.

കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.

60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരമൊരുക്കുന്നു.

**iii. രജിസ്ട്രേഷൻ**

വിശ്വാസപരിശീലനവേദി പ്രധാനാദ്ധ്യാപകർവഴി ഇടവകയിലേക്കുനൽകുന്ന ഓരോഗ്രൂപ്പിനും വേണ്ടിയുള്ള നിശ്ചിതഫോം വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ നടത്തുമ്പോൾ 50 രൂപ നല്കേണ്ടതാണ്. തദവസരത്തിൽ 50 രൂപ വിലയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ അടിസ്ഥാനമാക്കി രൂപതാ വിശ്വാസപരിശീലനവേദി തയ്യാറാക്കിയ പഠനസഹായി ലഭിക്കുന്നതാണ്. ആ പഠന സഹായിയുടെ അവസാനത്തെ പേജാണ് പരീക്ഷ എഴുതാനുള്ള ഹാൾ ടിക്കറ്റ്. ഹാൾ ടിക്കറ്റിൽ രജിസ്ട്രേഷൻ നമ്പർ ഉറപ്പാക്കാൻ ശ്രദ്ധിക്കുമല്ലോ. **രജിസ്ട്രേഷനുള്ള അവസാനദിവസം ഒക്ടോബർ 20 ആയിരിക്കും.**

**iv. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ ശരിയുത്തരം നൽകപ്പെട്ടിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് ചോദ്യപേപ്പറിൽതന്നെ കളർ ചെയ്യുന്ന രീതിയിലുള്ള 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യപേപ്പറാണ് തയ്യാറാക്കുക. കൂടാതെ മൂന്ന് ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും നൽകുന്നതാണ്.

**v. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നവംമ്പർ 9 രണ്ടാം ശനിയാഴ്ച

10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക (**തിരുത്ത് :** മാർ ഇരുമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായിയിലെ 4-ാം പേജിലെ 4-ാം ചോദ്യത്തിന്റെ ഉത്തരത്തിൽ സുവിശേഷകന്റെ പേര് ഉണ്ടായിരുന്നില്ല അത് യോഹന്നാൻ 8:12 എന്ന് തിരുത്തി പഠിക്കുമല്ലോ).

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

HDC കറസ്പോണ്ടൻസ് കോഴ്സിനായി രൂപതാമതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായുള്ള ക്ലാസുകളുടെ തിയ്യതികൾ ചുവടെ ചേർക്കുന്നു.

ക്ലാസ് നടക്കുന്ന തിയ്യതികൾ - ഒക്ടോബർ 13, 14 ഡിസംബർ 26

സ്ഥലം - പാസ്റ്ററൽ സെന്റർ.

1st സെമസ്റ്റർ എക്സാം രൂപതാ കേന്ദ്രത്തിലും 2nd സെമസ്റ്റർ എക്സാം അതാത് വിശ്വാസപരിശീലന യൂണിറ്റുകളിലും വച്ചായിരിക്കും നടക്കുക.

NB: ഒക്ടോബർ 13ന് പാസ്റ്ററൽ സെന്ററിൽ താമസിക്കുവാൻ ഒരുങ്ങി വരേണ്ടതാണ്. പഠിക്കുന്ന പുസ്തകം, നോട്ട്ബുക്ക്, ബൈബിൾ, ഉപപാഠപുസ്തകം, ബെഡ്ഷീറ്റ് എന്നിവ കരുതണം.

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തുമാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 20-ാം തിയ്യതി ഉപന്യാസ മത്സരവും നവംബർ 3-ാം തിയ്യതി ചെറു





കഥാ മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. അതാത് സെന്ററുകളിൽ നടത്തുന്ന മത്സര രചനകൾ അവിടെ തന്നെ പരിശോധിച്ച്, ഓരോ ക്ലാസ്സിൽനിന്നും ഏറ്റവും മികച്ച രണ്ട് രചനകൾ മാത്രം(70% എങ്കിലും മാർക്കുള്ളവ) തിരഞ്ഞെടുക്കുകയും മതബോധന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒക്ടോബർ 20ന് നടക്കുന്ന ഉപന്യാസ മത്സര രചനകളിൽനിന്ന് മേൽപറഞ്ഞപ്രകാരം 2 രചനകൾ വീതം തിരഞ്ഞെടുത്ത് ഒക്ടോബർ 30ന് മുൻപായി മതബോധനകേന്ദ്രത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മത്സര സമയം ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2014 മെയ് 24-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

**NB: ചെറുകഥാ, ഉപന്യാസ മത്സരവിഷയങ്ങൾ അതാത് ഫൊറോന ഡയറക്ടേഴ്സ് വഴി നൽകപ്പെടുന്നതായിരിക്കും.**

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൽ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

**മതാദ്ധ്യാപക ഐഡന്റിറ്റി കാർഡ്**

വിശ്വാസ പരിശീലന വേദിയിലെ എല്ലാ അദ്ധ്യാപകർക്കും ഐഡന്റിറ്റി കാർഡ് നിർബന്ധമാണ്. ഐഡന്റിറ്റികാർഡ് ലഭിച്ചവർ വേദപാഠം പഠിപ്പി

ക്കുന്ന വർഷമനുസരിച്ച് അവരവരുടെ കാർഡിൽ വികാരിയച്ചന്റെ ഒപ്പ് സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലുമൊരു വിശ്വാസപരിശീലന വർഷത്തിൽ വികാരിയച്ചന്റെ ഒപ്പില്ലാത്ത ഐഡന്റിറ്റി കാർഡുള്ളവർ ആ വർഷം വേദപാഠം പഠിപ്പിക്കുന്നില്ലാ എന്നാണ് അർത്ഥമാക്കുന്നത്. ഒരു പ്രാവശ്യം ഐഡന്റിറ്റി കാർഡ് ലഭിച്ചാൽ ഒരു കാരണവശാലും നഷ്ടപ്പെടുത്താൻ പാടില്ല. ഐഡന്റിറ്റി കാർഡ് അപ്രധാനമായി കണ്ട് നഷ്ടപ്പെടുത്തുക വഴി വിശ്വാസ പരിശീലനത്തോടും നമ്മുടെ വ്യക്തിഗത ഉത്തരവാദിത്വത്തോടും സമൂഹത്തോടുമുള്ള താല്പ്പര്യക്കുറവാണ് സൂചിപ്പിക്കുന്നത്. ഐഡന്റിറ്റി കാർഡിന്റെ കാലാവധി തീർന്നാൽ പഴയ കാർഡ് നമ്പറോടുകൂടി പുതിയ കാർഡ് പ്രധാന അധ്യാപകൻ വഴി വിശ്വാസ പരിശീലന വേദിയിൽ നിന്നും കൈപ്പറ്റേണ്ടതാണ്. അദ്ധ്യാപകർ അവരുടെ ക്രമമായ ജീവിതത്തിന്റെയും അർപ്പണബോധത്തിന്റെയും ബാഹ്യപ്രകടനമെന്നോണം വിശ്വാസപരിശീലന പരിപാടികളിൽ സംബന്ധിക്കുമ്പോൾ ഈ കാർഡ് നിർബന്ധ ബുദ്ധ്യാ ധരിക്കേണ്ടതാണ് (ഉദാ: മതാദ്ധ്യാപകദിനം).

തങ്ങളുടെ ഇടവകയിലെ മതാദ്ധ്യാപകരെല്ലാം BTC കോഴ്സിൽ സംബന്ധിച്ചവരും ഐഡന്റിറ്റികാർഡ് ലഭിച്ചവരുമാണോ എന്ന് പ്രധാനഅദ്ധ്യാപകനും വികാരിയച്ചനും ഉറപ്പുവരുത്തുമല്ലോ.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 6-ാം തിയ്യതി ഞായറാഴ്ച വിശ്വാസപരിശീലന യൂണിറ്റുകളിൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് നടത്തേണ്ടതാണ്. V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. ഒന്നാം സെമസ്റ്ററിൽ V മുതൽ XII വരെയുള്ള ക്ലാസ്സുകൾക്ക് ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെയുള്ള ക്ലാസ്സുകൾക്ക് പരീക്ഷ 80 മാർക്കിൽ ആയതിനാൽ ഇന്റേണൽ മാർക്ക് 20% കൂട്ടേണ്ടതാണ്. പഠനഭാഗം -80 മാർക്ക്, മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി - 10 മാർക്ക്, ലോഗോസ് ക്വിസ് - 10 മാർക്ക്.

**SMCC അവാർഡ്**

**രൂപതാതല ശിൽപശാല:** രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 16-ാം തിയ്യതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 17-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.

**സഭാതല ശിൽപശാല:** SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും





ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| ഒക്ടോബർ 5 ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**ഇന്റർനെറ്റ് കാറ്റികിസം**

ഈ മാധ്യമയുഗത്തിൽ വഴിയും സത്യവും ജീവനും ആയ യേശുവിനെ പ്രഘോഷിക്കുന്നതിനായി രൂപതാവിശ്വാസപരിശീലനവേദി ഇന്റർനെറ്റ് കാറ്റികിസം എന്നപേരിൽ ഒരു കർമ്മപദ്ധതി ആരംഭിച്ചിരിക്കുന്നു. ഇതിനായി താല്പ്പര്യമുള്ളവർ ഫേസ്ബുക്കിൽ catechismpalghat എന്ന അക്കൗണ്ട് സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# സ്റ്റാർസ്

blogspot: starspalghat.blogspot.in

ഒക്ടോബർ മാസത്തിലെ സ്റ്റാർസ് എലൈറ്റ് ടീമിനുള്ള ഏകദിന പരിശീലനക്ലാസ്സ് ഒക്ടോബർ 12 ശനിയാഴ്ച നടക്കുന്നു. നിശ്ചിതക്ലാസ്സിൽ പങ്കെടുക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. കൂടാതെ സ്റ്റാർസിലെ കുട്ടികളുടെ ബയോഡാറ്റ ശേഖരിക്കുന്നു. അതിനാൽ ബയോഡാറ്റ അയക്കാത്ത കുട്ടികൾ ഉടൻ തന്നെ ഈമെയിൽ ഐഡി ഉണ്ടാക്കി ബയോഡാറ്റ അയക്കാൻ ശ്രദ്ധിക്കുമല്ലോ.

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

# ബൈബിൾ അപ്പോസ്തലേറ്റ്

blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് 2013**

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയുടെ പേരുമടക്കം നവംബർ 1 ന് മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30, ഡിസംബർ 1 തിയ്യതികളിലായിട്ടായിരിക്കും നടക്കുക. സംസ്ഥാനതല എഴുത്തുപരീക്ഷ നവംബർ 30ന് രാവിലെ 9.30ന് ആരംഭിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്







# തിരുബാലസഖ്യം

blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യം കലോത്സവം**

പ്രിയ ബഹു. അച്ചാ, ആനിമേറ്റർ, കുഞ്ഞുങ്ങളേ,

തിരുബാലസഖ്യം രൂപതാ കേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.....

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗികകഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന, രൂപതാതല മത്സരങ്ങൾ ഈ വർഷവും നടത്തുന്നു. രൂപതാതല മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് **2014 ജനുവരി 4-ാം** തിയ്യതി ശനിയാഴ്ചയാണ്. അതിനുമുമ്പായി ഫൊറോന മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി ഫൊറോനതല മത്സരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ **2013 ഡിസംബർ 1ന്** മുമ്പായി രൂപത മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഫൊറോന മത്സരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപത തലത്തിൽ മത്സരിക്കാവുന്നതാണ്.

വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 2 എണ്ണത്തിലേ പങ്കെടുക്കാവൂ. മതബോധനത്തിന് 4-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മത്സര ഇനങ്ങൾ**

**ജൂനിയേഴ്സ്** (1, 2 ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം.

**സീനിയേഴ്സ്** (3, 4, ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ഗ്രൂപ്പ്സോംഗ്, ആക്ഷൻസോംഗ്, കഥാപ്രസംഗം ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം.

**മത്സരനിയമാവലി**

**ലളിതഗാനം:** ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സമയം: 5 മിനിട്ട്

**ആക്ഷൻ സോംഗ്:** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം: 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പുമാത്രമേ പാടുള്ളൂ).

**ബൈബിൾ കഥപറയൽ:** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം: 5 മിനിട്ട്

**പ്രസംഗം**: സമയം: 5 മിനിട്ട്

*വിഷയം:* പ്രവർത്തനനിരതമാകുന്ന വിശ്വാസം (സീനിയേഴ്സ്)

യേശു വഴിയും സത്യവും ജീവനും (ജൂനിയേഴ്സ്)

**ഗ്രൂപ്പ്സോംഗ്:** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മത്സരമുള്ളൂവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം: 5 മിനിട്ട് (ഡ്രസ്സിന്റെ ഭംഗിനോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്).

**കഥാപ്രസംഗം:** ബൈബിളിലെ കഥ തന്നെയായിരിക്കണം. പിന്നണി അനുവദനീയമല്ല. 15 മിനിട്ട് സമയം

**ബൈബിൾ വാക്യങ്ങൾ എഴുതൽ:** പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യംമുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി.ഒ.സി ബൈബിൾ ഉപയോഗിക്കുക. **വി. മത്തായിയുടെ സുവിശേഷത്തിൽനിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്.** സമയം: 10 മിനിട്ട്

- കഴിഞ്ഞമത്സരത്തിൽ എവറോളിംഗ് ട്രോഫി കൊണ്ടുപോയവർ അത് രൂപതയിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

- രൂപത മത്സരദിവസം ചായയും ഉച്ചഭക്ഷണവും ആവശ്യമുള്ളവർ നേരത്തെ വിളിച്ചറിയിക്കുക.

**ശ്രദ്ധിക്കുക**

**തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏത് പരിപാടിക്ക് വരുമ്പോഴും കുട്ടികൾക്കെല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

**ഈ വർഷം ആൽബം മത്സരം ഉണ്ടായിരിക്കുന്നതല്ല.**

**ഫൊറോന സെമിനാറുകൾ**

**ഒക്ടോ. 12 ശനി 9.30 am to 4.00 pm വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ)**





ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**

ഡയറക്ടർ, തിരുബാലസഖ്യം

# അൾത്താരസംഘം

blogspot: abapalghat.blogspot.in

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

**ഒക്ടോ. 12 ശനി 9.30 am to 4.00 pm വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ)**

**അൾത്താരസംഘത്തിന്റെ സെമിനാറിനായി വരുമ്പോൾ എ.ബി.എ. ഫ്ളാഗും അൾത്താരസംഘത്തിന്റെ റൂൾ ബുക്കും കൊണ്ടുവരേണ്ടതാണ്.**

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി **(ഡിക്രികൾ മാത്രം)**- | | 60 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 16 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 14 ശനി - പാസ്റ്ററൽ സെന്റർ.

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലേയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ

വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്നകാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. ഡിസംബർ 31ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏൽപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**ദൈവത്തിനു സ്തുതി**

**പ്രിയ കുഞ്ഞുമിഷനറിമാരേ,**

ജപമാല മാസാചരണത്തിന്റെ ഒരവസരം കൂടി വന്നുചേർന്നിരിക്കുകയാണല്ലോ. നമ്മുടെ പ്രവർത്തനങ്ങളെയും സംഘടനയേയും നമുക്ക് മാതാവിന്റെ സംരക്ഷണത്തിനായിഭരമേൽപിക്കാം. ജപമാലയർപ്പണം ഈ കാലഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് നാം മനസിലാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ പരി. അമ്മയുടെ സംരക്ഷണം നമുക്കപേക്ഷിക്കാം. എല്ലാവർക്കും ജപമാലമാസത്തിന്റെ മംഗളങ്ങൾ നേരുന്നു. തുടർപ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

കഴിഞ്ഞ ആഗസററ് 28-ാം തീയതി വടക്കഞ്ചേരി മേഖലയിൽ വച്ചു നടത്തപ്പെട്ട ഏകദിന സെമിനാറിൽ 12 ശാഖകളിൽ നിന്നായി 200 ഓളം കുഞ്ഞുമിഷനറിമാർ പങ്കെടുത്തു. പങ്കെടുത്തവർക്കും അവരെ ശാഖകളിൽ നിന്നും അയച്ച എല്ലാ ഡയറക്ടറച്ചന്മാർക്കും മേഖല ഡയറക്ടർക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**രൂപതാ ഡയറക്ടർ**

കഴിഞ്ഞ മാസത്തിൽ എല്ലാ മേഖലയിലും കലോത്സവങ്ങൾ നടത്തപ്പെടുകയുണ്ടായി. അതിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരെ പങ്കെടുപ്പിച്ചുകൊണ്ട് രൂപതാ കലോത്സവം ഈ വരുന്ന ഒക്ടോബർ 14 തിങ്കളാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുകയാണ്.





എല്ലാവരും വളരെ ഒരുക്കത്തോടെ സജീവമായി പങ്കെടുക്കണം എന്ന് ഓർമിപ്പിക്കുന്നതോടൊപ്പം മാർഗ്ഗരേഖയിൽ കൊടുത്തിട്ടുള്ള മത്സര നിബന്ധനകളും പൊതു നിർദ്ദേശങ്ങളും പാലിക്കുവാൻ കൂടി ശ്രദ്ധിക്കുമല്ലോ. 9 മണിക്ക് ഉദ്ഘാടന സമ്മേളനത്തോടെ മത്സരങ്ങൾ ആരംഭിക്കുന്നതാണ്.ഓരോ മേഖലയിലേയും ടീം മാനേജേഴ്സ് നേരത്തെ തന്നെ ഓഫീസിൽ റിപ്പോർട്ട് ചെയ്ത് ചെസ്റ്റ് നമ്പറുകൾ വാങ്ങിക്കേണ്ടതാണ്. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി എല്ലാ മേഖലകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. മറ്റ്പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**വയലേലകളിൽ കർമ്മനിരതരായ്**

**2013 ഒക്ടോബർ- കർമ്മപരിപാടികൾ**

ഒക്ടോ. 1 ചൊവ്വ : **വി കൊച്ചുത്രേസ്യായുടെ തിരുനാൾ,** അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുക.

ചിന്താവിഷയം : വി. കൊച്ചുത്രേസ്യാ സഭാജീവിതത്തിന്റെ മാതൃക.

ഒക്ടോ. 2 ബുധൻ : **മേഖല കലാമത്സരഫലം രൂപതയിൽ എത്തിക്കേണ്ട അവസാനദിവസം.** മലബാർ റീജിയണൽ സംഗമം, സംസ്ഥാന എക്സിക്യൂട്ടീവ്, കണ്ണൂർ റീജിയൺ

ഒക്ടോ. 3 വ്യാഴം : **ചെറുപുഷ്പ മിഷൻ ലീഗിന്റെ 66-ാം സ്ഥാപകദിനം-പതാകദിനം** (ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യുക) സ്ഥാപകദിനാചരണം നടത്തുക.

ഒക്ടോ. 12 ശനി : വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി ദിനാചരണം. **കരിശ്മ 2013 താവളം മേഖലാ ഏകദിന സെമിനാർ.**

ഒക്ടോ. 14 തിങ്കൾ : **രൂപതാ കലോത്സവം-** പാലക്കാട് പാസ്റ്ററൽ സെന്ററിൽ.

ഒക്ടോ. 16 ബുധൻ: **കരിശ്മ 2013 ഒറ്റപ്പാലം മേഖല ഏകദിനസെമിനാർ,** വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ തിരുനാൾ

ഒക്ടോ. 19 ശനി : മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം ശാഖ തലത്തിൽ നടത്തുക.

ഒക്ടോ. 20 ഞായർ: **മിഷൻ ഞായർ.** അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യസ്വീകരണവും നടത്തുക.

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം- വഴി തെറ്റിയ ആടുകൾക്കുവേണ്ടി.

* മിഷൻ ഞായറിനോടനുബന്ധിച്ച് ഭവന സന്ദർശനം നടത്തുകയും സംഭാവനകൾ ശേഖരിച്ച് മിഷൻ കേന്ദ്രങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.

* മിഷൻലീഗ് അംഗങ്ങൾ വ്യക്തിപരമായി ജപമാലയർപ്പിക്കുക.

* അംഗത്വ നവീകരണം ആഘോഷപൂർവ്വം നടത്തുക.

* ശാഖകളിൽ ക്ലാസ്സുകൾ നടത്തുക (വിഷയം – വിശ്വാസജീവിതം നേരിടുന്ന വെല്ലുവിളികൾ).

* വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി അനുസ്മരണത്തോടനുബന്ധിച്ച് പ്രാർത്ഥനാ സമ്മേളനങ്ങൾ, സെമിനാറുകൾ, റാലികൾ എന്നിവ നടത്തുകയും വി. അൽഫോൻസാമ്മയുടെ ഛായാചിത്രം ഓഫീസുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുക.

**സുകൃതജപം:** "വി കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ".

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**ഉത്സവ് 2013 നവംബർ 14**

നവംബർ 9 ന് നടത്തുമെന്നറിയിച്ചിരുന്ന രൂപതാ ഉത്സവ് നവംബർ 14 ലേക്ക് മാറ്റി വച്ചിരിക്കുന്നു. രൂപതാ ഉത്സവിനോടനുബന്ധിച്ച് എല്ലാ ഫൊറോനകളും നവംബർ 10 ന് മുമ്പ് കലാ-കായിക മത്സരങ്ങൾ നടത്തി രൂപതാ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് നൽകേണ്ടതാണ്. കലാ-കായിക മത്സരങ്ങൾ വേർതിരിച്ച് ഒരേ ദിവസം തന്നെ നടത്തപ്പെടുന്നതാണ്. ഉത്സവ് 2013 നെ കുറിച്ചുള്ള വിശദ വിവരങ്ങൾ സർക്കുലർ വഴി അറിയിച്ചിട്ടുള്ളതാണ്.

### YEAST (Youth Empowerment And Spiritual Training)

യുവജനതയെ ഏകോപിപ്പിക്കുയും ആത്മീയ ശാക്തീകരണത്തിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച് ഒരു വർഷം നീണ്ടുനിന്ന പഠനകളരികൾക്ക് ഒക്ടോബർ 11, 12, 13 (വെള്ളി, ശനി, ഞായർ) തിയതികളിൽ വിരാമം കുറിക്കുന്നു. YEAST (Youth Empowerment And Spiritual Training) ന്റെ അവസാന ക്ലാസ്സുകൾ ധോണി സെന്റ്. ജെയിംസ് ദി ഗ്രേറ്റ് ഇടവക ദേവാലയത്തിൽ വച്ചാണ് നടക്കുന്നത്.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ





## ജീസസ് യൂത്ത്

### Faith Conference

വിശ്വാസവർഷത്തിന്റെ ഭാഗമായി ജീസസ് യൂത്ത് കേരള റീജിയൺ സംഘടിപ്പിച്ച Faith Conference ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂളിൽവെച്ച് സെപ്തംബർ 13 മുതൽ 16 വരെ നടത്തപ്പെട്ടു. Know the Faith, Live the Faith, Share the Faith എന്ന ആപ്തവാക്യം സ്വീകരിച്ച് നടത്തപ്പെട്ട കോൺഫറൻസിൽ 20-ഓളം പേർ പാലക്കാട് സോണിൽനിന്ന് പങ്കെടുത്തു.

**രൂപതയിലെ ജീസസ് യൂത്ത് പ്രാർത്ഥന കൂട്ടായ്മകൾ**

| | |
|---|---|
| 1. N.S.S. Engineering College, Olavakode | - Every Thursday 5pm to 6pm |
| 2. Govt. Engineering College, Sreekrishnapuram | - Every Thursday 5pm to 6pm |
| 3. Mercy College, Palakkad | - Monthly |
| 4. Yuvakshetra College, Mundur | - Every Wednesday 12.45pm to 1.30pm |
| 5. St. Thomas Church, Elavampadam | - Every 2nd Saturday |
| 6. Pastoral Centre, Palakkad | - Every 2nd & 4th Saturday 4pm to 6pm |
| 7. Mercy Home, Palakkad (Family Ministry) | - Every 2nd Sunday 6pm to 8pm |

**പുതിയ യുവജന പ്രാർത്ഥനാകൂട്ടായ്മകൾ**

ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുതിയ യുവജന പ്രാർത്ഥനാ കൂട്ടായ്മകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ കാര്യക്ഷമമാക്കുന്നതിനും സേവനം ആവശ്യമായിട്ടുള്ളവർ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

8606275616 (വർഗ്ഗീസ് – ഫുൾടൈമർ)

9544317871 (ഫാ. ജെയ്മോൻ പള്ളിനീരാക്കൽ)

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

# മാതൃസംഘം

**2013 ഒക്ടോബർ : ജ്ഞാനസ്നാനം, പാപമോചനം തുടങ്ങിയ ഏഴു കൂദാശകളിലുള്ള വിശ്വാസം**

ഒക്ടോബർ 14–മാതൃസംഘം ഫൊറോനതല കലാമത്സരങ്ങൾ,

ഒക്ടോബർ31– മാതൃസംഘം കൈയ്യെഴുത്തു പ്രതി സമർപ്പണം

രൂപതാ കലാമത്സര രജിസ്ട്രേഷൻ അവസാനദിനം–2013 നവംബർ 8

ജനറൽ ക്വിസ് മത്സരം– വിശ്വാസ പരിശീലനത്തിന് ഒരു വഴികാട്ടി.

**2013 നവംബർ : ശരീരത്തിന്റെ ഉയർപ്പിലുള്ള വിശ്വാസം**

നവംബർ 14– മാതൃസംഘം രൂപതാതല കലാമത്സരങ്ങൾ

ഫൊറോനതല എക്സിക്യൂട്ടീവ് മീറ്റിംഗുകൾ

**2013 ഡിസംബർ : നിത്യമായ ജീവിതത്തിലുള്ള വിശ്വാസം**

ഡിസംബർ 2– മാതൃസംഘം രൂപതയിലെ തിരഞ്ഞെടുപ്പിനുള്ള ഫൊറോനപാനൽ സമർപ്പണം.

ഡിസംബർ 7– മാതൃസംഘം രൂപതാതല ജനറൽ ബോഡി മീറ്റിംങ്ങ്, രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഡിസംബർ 28–കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

ഡിസംബർ 29–തിരുക്കുടുംബ തിരുനാൾ

പഠനം ദൈവത്തിന് മനുഷ്യനിലുള്ള വിശ്വാസം– മനുഷ്യന് മനുഷ്യനിലുള്ള വിശ്വാസം

**ഒക്ടോബർ2013 : രൂപതാതല കലാമത്സരം**

**പാസ്റ്ററൽ സെന്റർ 2013 നവംബർ 14**

**മത്സരങ്ങൾ ചില നിബന്ധനകൾ**

39 വയസ്സുവരെ ജൂനിയർ, 55 വരെ സീനിയർ, 55 ന് മുകളിൽ സൂപ്പർ സീനിയർ ഫൊറോനതലത്തിൽ നിന്നും ഒന്നാം സ്ഥാനക്കാർ മാത്രം. ഒരാൾക്ക് വ്യക്തിഗത ഇനങ്ങളിൽ 4 ഇനങ്ങൾ മാത്രം.

**വ്യക്തിഗതം**

വചനപാരായണം(പി.ഒ.സി 2012 എഡിഷൻ സമ്പൂർണ്ണ ബൈബിൾ, 3 മിനിറ്റ്, നൽകപ്പെടുന്നവചനഭാഗങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക)

പ്രസംഗം (5 മിനിറ്റ്) , ലളിതഗാനം (5 മിനിററ്) മനഃപാഠമായി പാടണം,





മെമ്മറി ടെസ്റ്റ് (1 മിനിറ്റ് കാണാൻ 3 മിനിറ്റ് എഴുതാൻ), മോണോ ആക്ട് (3 മിനിറ്റ്), ഫാൻസിഡ്രസ്സ് (2 മിനിറ്റ്), കവിതാ പാരായണം (5 മിനിറ്റ്) മനഃപാഠമാക്കിപാടണം.

**ഗ്രൂപ്പ് ഇനം (7 പേർ)**

**സമൂഹഗാനം** (5 മിനിറ്റ്) മനഃപാഠമാക്കി പാടണം

**പുത്തൻപാന** (5 മിനിറ്റ്, പരമ്പരാഗത വേഷം) മനഃപാഠമാക്കി പാടണം

**ബൈബിൾ നിശ്ചലദൃശ്യം (ടാബ്ലോ)** (1 മിനിറ്റ് മാത്രം) പിന്നിൽ നിന്നും അനൗൺസ്മെന്റ് മാത്രം.

**ബൈബിൾ ദൃശ്യാവതരണം** ബൈബിളിലെ ഒരു ഭാഗം ശബ്ദം അഭിനയം, പരമാവധി 10 പേർ 7 മിനിററ് അവതരണം, 3 മിനിറ്റ് ഒരുക്കം + സ്റ്റേജ് ക്ലിയറൻസ്

**മാർഗ്ഗം കളി** (10 മിനിറ്റ്) വന്ദനപാദം, സമാപനപാദം നിർബന്ധം. പാദങ്ങൾ ഇടക്കു വച്ച് മുറിക്കരുത്

രൂപതയിൽ 2013 പ്രവർത്തനവർഷത്തിൽ പേരും യൂണിറ്റും രജിസ്റ്റർ ചെയ്തവർ മാത്രം.

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**

ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ഒക്ടോബർ** മാസത്തിലെ പ്രീകാനകോഴ്സ് **7,8,9,10** തിയ്യതികളിലും **നവംബർ** മാസത്തിലെ പ്രീകാനകോഴ്സ് **4,5,6,7** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഒക്ടോബർ മാസത്തിലെ ഹോംമിഷൻ നടക്കുന്ന ഇടവകകൾ**

St. Mathew Group

October 6-9 : Divine Providence Church, Chandranagar

October 21-28 : St. Jude's Church, Malampuzha

**St. Mark Group**

October 6-12 : Holy Trinity Church, Yakkara
October 15-27 : St. Thomas Church, Elavampadam

**St. Luke Group**

October 6-16 : St. Antony's Forane Church, Melarkode
October 20-24 : Santhi Natha Church, Pazhmbalakode (6 Sisters)
Oct. 26 -Nov. 23 : St. Thomas Forane Church, Kanjirapuzha

**വികാരിമാരുടെ ശ്രദ്ധക്ക്**

1. ഹോം മിഷന്റെ തലേദിവസം വൈകുന്നേരം 5 മണിക്കുമുമ്പ് പള്ളിയിൽ സിസ്റ്റേഴ്സ് വന്നിരിക്കും.
2. സിസ്റ്റേഴ്സിനുവേണ്ട താമസസൗകര്യം, ഭക്ഷണം എന്നിവ ക്രമീകരിക്കണം. ഉച്ചഭക്ഷണം അവർ സന്ദർശിക്കുന്ന വീടുകളിൽ ക്രമീകരിക്കുന്നതായിരിക്കും കൂടുകൽ പ്രയോഗികം.
3. എല്ലാദിവസവും വിശുദ്ധ കുർബാന ഇല്ലാത്ത ഇടവകകളിൽ ബഹു. സിസ്റ്റേഴ്സിന് കുർബാന ചൊല്ലിക്കൊടുക്കണം.
4. ദിവസവും വൈകുന്നേരം വികാരിയുമായി കോൺഫറൻസ് ഉണ്ടായിരിക്കണം.
5. കുടുംബസമ്മേളന യൂണിറ്റുകൾ തനിച്ചോ, രണ്ടോ മൂന്നോ യൂണിറ്റുകൾ ചേർന്നോ ഒന്നിച്ചുകൂടി പ്രാർത്ഥനയും അഭിലഷണീയമാണ്.
6. ഇടവകയിലെ ഹോംമിഷന്റെ സമാപനം ഇടവക നവീകരണദിനമായോ, ഇടവകദിനമായോ ആചരിക്കുന്നതും നല്ലതാണ്.
7. സന്ദർശനത്തിനുശേഷം ആ ഭവനത്തിലെ ആളുകളായിരിക്കണം അടുത്തവീട്ടിൽ സിസ്റ്റേഴ്സിനെ എത്തിക്കേണ്ടത്.
8. ദിവസത്തിൽ ആരംഭിക്കുന്ന കുടുംബത്തിലേക്ക് ഇവരെ എത്തിക്കുന്നതിനും വൈകുന്നേരം തിരിച്ചെത്തിക്കുന്നനതിനും വേണ്ട സൗകര്യങ്ങൾ വികാരിയച്ചന്മാർ ചെയ്യണം.
9. ഹോംമിഷൻ നടക്കുന്ന ഇടവകകളിലെ വീടുകളിൽ ചൊല്ലാനുള്ള പ്രാർത്ഥനയും വീടുകളിൽ സിസ്റ്റേഴ്സ് എത്തുന്ന ഏകദേശ സമയവും രേഖപ്പെടുത്തി ഹോംമിഷനുമുമ്പായി വീടുകളിൽ എത്തിക്കണം.
10. ഇടവകയിൽ മുൻകൂട്ടിപ്പറഞ്ഞ് നന്നായി ഒരുക്കുന്നതിന്റെ തോതനുസരിച്ചിരിക്കും ഹോംമിഷന്റെ വിജയം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





# സി. എൽ. സി

**സ്നേഹബഹുമാന അച്ചാ, സിസ്റ്റർ, സുഹൃത്തെ,**

**കലാകായികമത്സരം 2013**

എല്ലാ വർഷത്തേതുപോലെ ഈ വർഷവും രൂപതാ സി.എൽ.സി കലാകായിക മത്സരങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുതമത്സരങ്ങൾ ഇടവകയിൽ നടത്തി വിജയിക്കുന്ന ഒന്നും രണ്ടും സ്ഥാനക്കാരെ രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കണം. ജൂനിയർ, സീനിയർ – ആൺ, പെൺ വിഭാഗങ്ങളായിട്ടായിരിക്കും മത്സരം നടത്തുക.

**മത്സരങ്ങൾ**

**1 കായിക മത്സരങ്ങൾ**

| SL.NO | ഇനം | വിഭാഗം | | |
|---|---|---|---|---|
| 1 | 100 മീറ്റർ ഓട്ടം | ജൂനിയർ | ആൺ | പെൺ |
| | | സീനിയർ | ആൺ | പെൺ |
| 2 | 200 മീറ്റർ ഓട്ടം | ജൂനിയർ | ആൺ | പെൺ |
| | | സീനിയർ | ആൺ | പെൺ |
| 3 | ഷോർട്ട്പുട്ട് | ജൂനിയർ | ആൺ | പെൺ |
| | | സീനിയർ | ആൺ | പെൺ |
| 4 | ജാവലിൻത്രോ | ജൂനിയർ | ആൺ | പെൺ |
| | | സീനിയർ | ആൺ | പെൺ |

5 4x100 മീറ്റർ റിലേ -ഇടവകയിൽ നിന്ന് ഒരു ടീം (ആൺകുട്ടികൾ)

NB: (ഒരു വ്യക്തിക്ക് റിലേ ഒഴികേ 3 ഇനത്തിൽ മാത്രമേ പങ്കെടുക്കാൻ അവസരമുള്ളൂ)

**കലാമത്സരം**

**പ്രസംഗം** : ജൂനിയർ (ആൺ, പെൺ), സീനിയർ(ആൺ, പെൺ) 5 മിനിറ്റ്

**ലളിതഗാനം** : ജൂനിയർ (ആൺ, പെൺ), സീനിയർ(ആൺ, പെൺ) 5 മിനിറ്റ്

**മോണോആക്ട്** : ജൂനിയർ (ആൺ, പെൺ), സീനിയർ(ആൺ, പെൺ) 5 മിനിറ്റ്

**ഗ്രൂപ്പ് സോങ്ങ്** : യൂണിററിൽ നിന്ന് ഒരു ടീം (ജൂനിയർ സീനിയർ ആൺ പെൺ വ്യത്യാസമില്ല, ഗ്രൂപ്പ് 5-7 പേർ)- 7മിനിറ്റ്

**C.L.C ആന്തം:** യൂണിററിൽ നിന്ന് ഒരു ടീം (ജൂനിയർ സീനിയർ ആൺ പെൺ വ്യത്യാസമില്ല, ഗ്രൂപ്പ് 5-7 പേർ)- 7മിനിറ്റ്

**ബൈബിൾ ദൃശ്യാവതരണം :** യൂണിറ്റിൽ നിന്ന് ഒരു ടീം (ജൂനിയർ, സീനിയർ ആൺ, പെൺ വ്യത്യാസമില്ല, ഗ്രൂപ്പ് 7-10 പേർ) 10 മിനിറ്റ്

**വിഷയങ്ങൾ**

1 പ്രസംഗം : വിഷയം 5 മിനിറ്റ് മുമ്പ് നല്കുന്നതായിരിക്കും

2 ലളിതഗാനം : ക്രിസ്തീയ ഭക്തിഗാനങ്ങൾ ക്രിസ്തീയ ആൽബം

3 മോണോ ആക്ട്: പുറപ്പാടിന്റെ പുസ്തകം

4 ഗ്രൂപ്പ് സോങ്ങ് : ക്രിസ്തീയ ഗാനങ്ങൾ (ഗ്രൂപ്പ് 5-7 പേർ)

5. CLC ആന്തം : മുന്നണി (ഗ്രൂപ്പ് 5-7 പേർ)

6. ബൈബിൾ ദൃശ്യാവതരണം : വി.യോഹന്നാന്റെ സുവിശേഷം (ഗ്രൂപ്പ് 7-10 പേർ)

NB: ഗ്രൂപ്പിനങ്ങൾക്ക് പുറമേ 2 ഇനത്തിൽ മാത്രമേ ഒരു വ്യക്തി പങ്കെടുക്കാവൂ. ഗ്രൂപ്പ് മത്സരങ്ങൾക്ക് ജൂനിയർ, സീനിയർ- ആൺ, പെൺ വ്യത്യാസമില്ല.

| | | |
|---|---|---|
| ജൂനിയർ | : | 01.01.2000 നു ശേഷം ജനിച്ചവർ |
| സീനിയർ | : | 01.01.1996നും 31.12.1999 നും ഇടയ്ക്ക് ജനിച്ചവർ |
| മത്സര തിയ്യതി | : | 16.10.2013 ബുധനാഴ്ച |
| മത്സര സമയം | : | രാവിലെ 9.00 മണി |

രജിസ്ട്രേഷൻ ഫീസ്

വ്യക്തിഗത ഇനം 10 രൂപ ഗ്രൂപ്പ് ഇനം 100 രൂപ

**മത്സര നിബന്ധനകൾ**

1. മത്സരത്തിന് വരുന്നവർ സി.എൽ.സി. ബാഡ്ജും, മെഡലും നിർബന്ധമായും ധരിച്ചിരിക്കണം.

**2.** സി.എൽ.സി. ആന്തത്തിനു സി.എൽ.സി. പതാക, ബാഡ്ജ്, യൂണിഫോമിറ്റി എന്നിവ ഉണ്ടായിരിക്കണം.

3 ദൃശ്യാവതരണത്തിനു റെക്കോഡിങ്ങ് പാടുള്ളതല്ല, മേക്കപ്പ് ആവാം.

ഇടവകയിലെ വിജയികളുടെ പേരുകൾ (ജനനതിയ്യതി നിർബന്ധം) നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് 30.09.2013 നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. ഫോമിൽ ഡയറക്ടർ, പ്രസിഡന്റ് നിർബന്ധമായും ഒപ്പുവക്കുകയും യൂണിറ്റ് സീൽ പതിക്കുകയും വേണം. 30.09.2013 ന് ശേഷം രജിസ്ട്രേഷൻ ഫോമിൽ മാറ്റം വരുത്താൻ സാദ്ധ്യമല്ല. അന്നേദിവസം രജിസ്ട്രേഷൻ ചെയ്യാത്തവർ അയോഗ്യരായി കണക്കാക്കപ്പെടും.





**സംശയങ്ങൾക്ക് ബന്ധപ്പെടുക**

1. ഡെന്നീസ് സി.കെ :8281012918 2. ലൈജോ തോമസ് : 9846384804

3. റോബിൻ മാത്യൂ : 9544438669

**RESULTS 2013 -2014**

**Junior C.L.C Speech competition**

| | | |
|---|---|---|
| 1 | Sona Rose Sibi | Olavakkode |
| II | Judith Rose | Cathedral |
| III | Anna Rose Antony | Mankavu |

**Senior C.L.C Speech competition**

| | | |
|---|---|---|
| 1 | Linda Mathew | Melarkode |
| 2 | Jisto Kurian | Mangalam Dam |
| 3 | Jinu E.S. | Cathedral. |

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ

## ജീസസ് ഫ്രട്ടേണിറ്റി

**ജീസസ്സ് ഫ്രിട്ടേണിററി പാലക്കാട് സോൺ**

ജീസസ്സ് ഫ്രിട്ടേണിറ്റിയുടെ ഭാഗമായി തടവറമക്കളുടെ പ്രേഷിതനായ വി. മാക്സിമില്യൻ കോൾബെയുടെ തിരുനാൾ പാലക്കാട് സബ്ജയിലിൽ ഫാ. മാർട്ടിൻ തട്ടിലിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. തദവസരത്തിൽ കഞ്ചിക്കോട് അസീസ്സി സ്കൂളിലെ കുട്ടികളുടെ കലാപരിപാടികളും സി. റോസ്ബെൽ വിശുദ്ധനെക്കുറിച്ച് സന്ദേശവും നൽകി. തുടർന്ന പാലക്കാട് സോൺ ഡയറക്ടർ ജീസസ്സ് ഫ്രിട്ടേണിറ്റിയുടെ പ്രവർത്തനങ്ങളെകുറിച്ചും, പ്രത്യാശയോടെ മുന്നോട്ടു പോകുവാനുള്ള സാധ്യതകളെയും സാഹചര്യങ്ങളെക്കുറിച്ചും തടവറമക്കളോട് പങ്കുവച്ചു. തിരുനാൾ ദിനത്തിന്റെ സന്തോഷത്തിന്റെ ഭാഗമായി എല്ലാവർക്കും മധുരം നൽകുകയും, വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനവും വനിത വിഭാഗത്തിനായി ടി.വി.നൽകുകയും ചെയ്തു.

ജയിൽ മോചിതയായ ശ്രീജ എന്ന കുട്ടിയെ സുരക്ഷിതമായസ്ഥലത്ത് കൊണ്ടുചെന്നാക്കുവാൻ സാധിച്ചു.

എറണാകുളത്ത് വച്ച് നടന്ന State Executive Meeting ൽ Sr. Rita Poulsy F.C.C സംബന്ധിച്ചു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ. പാലക്കാട് സോൺ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഒക്ടോബർ | 06-11 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോബർ | 13-18 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. 27 നവം. 01 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻ**

ഒക്ടോബർ 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV





**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**ഗാന്ധിജയന്തി ആഘോഷം**

ജില്ലാ വിമൻസ് ഫെഡിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ ഗാന്ധിജയന്തി ആഘോഷം ഒക്ടോബർ 2-ാം തീയതി ബുധനാഴ്ച അകമലവാരം ആദിവാസി കോളനിയിൽ വച്ചു നടത്തുന്നു. കോളനി നിവാസികൾക്കുള്ള ബോധവല്ക്കരണവും കോളനി പരിസരം വൃത്തിയാക്കലും പി.എസ്.എസ്.പി.യുടെ സഹകരണത്തോടെ നടത്തും.

**നബാർഡ് വനിത സ്വയം സഹായ സംഘം (Nabard WSHG)**

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നബാർഡിന്റെ നേതൃത്വത്തിൽ പി.എസ്.എസ്.പി. ആലത്തൂർ, കുഴൽമന്ദം, പാലക്കാട്, തൃത്താല, മണ്ണാർക്കാട്, അട്ടപ്പാടി എന്നീ ബ്ലോക്കുകളിലും പാലക്കാട് മുൻസിപ്പാലിറ്റിയിലും ആരംഭിച്ച അയൽകൂട്ടങ്ങളുടെ (300 SHG)രൂപീകരണം പൂർത്തിയായി. രണ്ടാം ഘട്ടം 250 ഗ്രൂപ്പുകളുടെ രൂപീകരണം ആരംഭിച്ചു. മേൽ പറഞ്ഞ മേഖലയിൽ അയൽകൂട്ടം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.എസ്.പി.യുമായി ബന്ധപ്പെടുക.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മൈനോരിറ്റി ഗ്രൂപ്പുകൾക്കുള്ള വായ്പ**

പി.എസ്.എസ്.പി.യിൽ അഫിലിയേറ്റ് ചെയ്ത പിന്നോക്കവിഭാഗം, ന്യൂനപക്ഷം എന്നീ അയൽക്കൂട്ടങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും 53 ലക്ഷം രൂപ വായ്പ അനുവദിച്ചു. 5 ശതമാനമാണ് പലിശ. ഒക്ടോബറിൽ വായ്പ വിതരണം ചെയ്യും.

**ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ്ഫെഡിന്റെ ഒക്ടോബർ മാസത്തെ മീറ്റിംഗ് പി.എസ്.എസ്.പി. യിൽ വച്ച് 7.10.2013 തിങ്കളാഴ്ച നടത്തപ്പെടുന്നു.

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.10.2013 | ചൊവ്വ | സാൻജോ ടവ്വർ, പാലക്കാട് | 10.am to 2.00pm |
| 16.10.2013 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11am to1.00 pm |
| 17.10.2013 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11am to 2.00 pm |
| 21.10.2013 | തിങ്കൾ | അട്ടപ്പാടി റീജിയണൽ ഓഫീസ് | 11am to 1.00 pm |
| 23.10.2013 | ബുധൻ | FCC വടക്കഞ്ചേരി | 11am to 12.00pm |

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2013 ആഗസ്റ്റ്**

19-31 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

**2013 സെപ്തംബർ**

1-2 - മംഗലപ്പുഴ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 - വള്ളിയോട് സെന്റ് ജോസഫ്സ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

- വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന പള്ളി സന്ദർശിച്ചു.

4 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

5 - മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി സന്ദർശിച്ചു.

6 - ആയുർപാലന ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

7 - പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന ഇടവകയിൽ ബഹു. ജോഷി പുലിക്കോട്ടിൽ അച്ചന്റെ പിതാവിന്റെ 39-ാം ചരമദിന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

8 - കത്തീഡ്രലിൽ രൂപതാ റൂബിജൂബിലി ഉദ്ഘാടനം നിർവ്വഹിച്ചു. വി. കുർബാനയർപ്പിച്ചു.

- അഗളി ഫാത്തിമ മാത ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

9-14 മുണ്ടൂർ യുവക്ഷേത്രയിൽ വൈദീകരുമൊത്ത് വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

14 - മുണ്ടൂർ യുവക്ഷേത്രയിൽ പുതിയ കമ്പ്യൂട്ടർ ലാബും ലൈബ്രറിയും വെഞ്ചരിച്ചു. ഓണാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

- പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പി.യുടെ ഓണാഘോഷ പരിപാടികളിൽ സംബന്ധിച്ചു.

- മലമ്പുഴ മരിയനഗർ സാന്തോം കോൺവെന്റിൽ (SABS) ആസ്പിരൻസിന് ക്ലാസ്സെടുത്തു.

15 - ഇലഞ്ഞി പീറ്റർ & പോൾ ഫൊറോന ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

- വൈക്കത്ത് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ രോഗീയായ അമ്മയെ ഭവനത്തിൽ സന്ദർശിച്ചു.

16 - അങ്കമാലിയിൽ സി.എസ്.ടി. ബ്രദേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാനയർപ്പിച്ചു.

- ഇരിങ്ങാലക്കുട പൂവ്വത്തുശ്ശേരി ഇടവകയിൽ ബഹു. ആന്റണി ഇരിമ്പൻ അച്ചന്റെ മൃതദേഹസംസ്കാരത്തിന്റെ വീട്ടിലെ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

17 - ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ധ്യാനത്തിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

18 - രൂപതാകാര്യാലയത്തിൽ രൂപതാ സൊസൈറ്റിയുടെയും ആലോചനാസമിതി അംഗങ്ങളുടെയും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- രൂപതാകാര്യാലയത്തിൽ എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയരൂപീകരണത്തിനുള്ള ചർച്ചകൾക്ക് നേതൃത്വം നൽകി.





- വടക്കഞ്ചേരി ദൈവദാൻ സെന്ററിന്റെ പുതിയ ബ്ലോക്കും അടുക്കളയും വെഞ്ചരിച്ചു. തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

19 - ആയുർപാലന ആശുപത്രിയിൽ തെറാപ്പിസ്റ്റ് ട്രെയിനിംഗ് പാസ്സായവർക്ക് ഔദ്യോഗിക വസ്ത്രങ്ങൾ നൽകി. അതിനോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20 - തൃശ്ശൂർ അമല ആശുപത്രിയിൽ രോഗി സന്ദർശനം നടത്തി.

21 - എറണാകുളം സെന്റ് മേരീസ് ബസലിക്കയിൽ മാർ ജോസ് പുത്തൻവീട്ടിലിന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ സംബന്ധച്ചു.

22 - ആലത്തൂർ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. നവീകരിച്ച വൈദികമന്ദിരവും പുതുതായി നിർമ്മിച്ച സെമിത്തേരി കപ്പേളയും വെഞ്ചരിച്ചു.

- ധോണി ക്രിസ്റ്റഫർ ഐ.ടി.ഐ.യിൽ പാലക്കാട് ഫൊറോന എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ജനറൽ ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

23 - മുണ്ടൂർ യുവക്ഷേത്രയിൽ ഹോം മിഷനിൽ പങ്കെടുക്കുന്ന സിസ്റ്റേഴ്സിന്റെ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

- മുണ്ടൂർ സെന്റ് അൽഫോൻസാ ഇടവകയിൽ ശ്രീ. ജോസഫ് ചാക്കോ കണിശ്ശേരിയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരി ജനറൽ ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

24-25 ബാംഗ്ലൂരിൽ വെച്ചുനടന്ന സി.ബി.സി.ഐ. ഹെൽത്ത് കമ്മീഷൻ, മീറ്റിംഗിൽ സംബന്ധിച്ചു.